www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

2023 ജൂലൈ ₹ 12

പുസ്തകം 9 ലക്കം 12

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ



# തുടരാം ജാഗ്രത

- മെഡിസെപ്പിന് ഒരു വയസ്സ്
- അറിയാം ഹൃദ്യം പദ്ധതി
- തുടച്ചുനീക്കാം അഞ്ചാംപനിയും റൂബെല്ലയും
- ദേശീയമാതൃകയാവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

ഒരു നിഘണ്ടുവിന്റെ 100 വർഷം





# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**ടി.വി. സുഭാഷ് ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ - ഇൻ - ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**എൽ. ഹേമന്ത് കുമാർ**
**പ്രഭാത് നായർ**
സർക്കുലേഷൻ ഓഫീസർ
**എൻ. സതീഷ് കുമാർ**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

July 1, 2023, Volume 9, Issue 12
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

**എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം- 695001**
prdmalayalam@gmail.com
**0471 2518171**

**വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം,
1-ാം നില, സെക്രട്ടേറിയറ്റ് അനക്സ്-1,
തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.**

0471 2517036
iocirculation@gmail.com

**ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.**

സമകാലിക
ജനപഥം

2023 ജൂലൈ 1
പുസ്തകം 9 ലക്കം 12

# കരുതൽ
## വീടുകളിൽ തുടങ്ങാം



വർഷകാലപ്പെയ്ത്തിനൊപ്പം രോഗങ്ങളുടെ മറ്റൊരു മഴക്കാലം കൂടി കടന്നുപോകുകയാണ് കേരളത്തിൽ. എന്നാൽ ആരോഗ്യവകുപ്പും മറ്റു സർക്കാർ സംവിധാനങ്ങളും സുസജ്ജമായി പ്രവർത്തിച്ചതിനാൽ പകർച്ചപ്പനി ഉൾപ്പെടെയുള്ള മഴക്കാലരോഗങ്ങളെ പിടിച്ചുനിർത്താനായി. പകർച്ചരോഗവ്യാപനസാധ്യത മുന്നിൽക്കണ്ട് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേരത്തെ തന്നെ തുടക്കമിടാനും കഴിഞ്ഞു. ശുചിത്വപാലനം ഉറപ്പാക്കിയും ബോധവൽക്കരണം നടത്തിയും മികവുറ്റ ചികിത്സ ഉറപ്പുവരുത്തിയും ആശ്വാസനടപടികളുമായി മുന്നോട്ട് നീങ്ങുകയുമാണ്. എന്നാൽ ഡെങ്കിപ്പനി പോലുള്ള കൊതുകുജന്യരോഗങ്ങൾ തടയുന്നതിന് സർക്കാർ സംവിധാനങ്ങൾക്കൊപ്പം നാമോരോരുത്തരും ജാഗ്രതയോടെ നിലകൊള്ളേണ്ടതുണ്ട്. ഡ്രൈ ഡേ ആചരിച്ചും വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചും പ്രതിരോധം വീടുകളിൽ നിന്നു തുടങ്ങാം. ജാഗ്രത തുടരേണ്ടതിന്റെ പ്രാധാന്യവും രോഗം പിടിപെട്ടാൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളുമാണ് ഈ ലക്കം ജനപഥം ചർച്ചചെയ്യുന്നത്.

രോഗബാധിതരായ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സമാശ്വാസത്തിന്റെ കൈത്താങ്ങായി മാറിയ മെഡിസെപ് പദ്ധതിക്ക് ഒരു വയസ്സായി. രാജ്യത്തിന് തന്നെ മാതൃകയാകുന്ന സർക്കാർതല ഇൻഷ്വറൻസ് പദ്ധതിയായി മെഡിസെപ് മാറിയതിനെക്കുറിച്ച് ധനമന്ത്രിയുടെ ലേഖനവും ഉൾപ്പെടുത്തിയിരിക്കുന്നു. ശബ്ദതാരാവലിയുടെ 100 വർഷം, വിശ്രുത ചലച്ചിത്രകാരനായ ബെർഗ്മാന്റെ ഓർമ്മ, ഇന്ത്യൻ ഫുട്ബോളിന്റെ സുവർണ്ണമുന്നേറ്റം തുടങ്ങിയവയും ഈ ലക്കം വായിക്കാം.

**ടി. വി. സുഭാഷ് ഐ.എ.എസ്**
എഡിറ്റർ

# ഉള്ളടക്കം


06 ലോകത്തിനൊപ്പം കേരളവും
പിണറായി വിജയൻ
മുഖ്യമന്ത്രി

10 ഇനിയും മുന്നോട്ട്
കെ. എൻ. ബാലഗോപാൽ
ധനകാര്യ മന്ത്രി

12 കേരളത്തിന്റെ തൊഴിൽശക്തി
വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

14 അതിജാഗ്രതയോടെ പ്രതിരോധം
വീണാ ജോർജ്
ആരോഗ്യ മന്ത്രി

18 മുൻകരുതൽ
ആരോഗ്യസംരക്ഷണം ഉറപ്പാക്കി
ഡോ. റീന കെ. ജെ

22 ആയുർവേദചര്യയിൽ
ആരോഗ്യസംരക്ഷണം
ഡോ. കെ. എസ്. പ്രിയ

24 മഴക്കാലരോഗങ്ങൾ
ഹോമിയോപ്പതി സുസജ്ജം
എം. എൻ. വിജയാംബിക

26 കുട്ടികളും കുടുംബങ്ങളും
പങ്കാളികൾ

28 ജാഗ്രതയോടെ
ദുരന്തനിവാരണ സംവിധാനം
ജി. എസ്. പ്രദീപ്

30 തുടച്ചുനീക്കാൻ
മാതൃകയാകാൻ കേരളം
ഡോ. യു. ആർ. രാഹുൽ

32 ഇതാ നമ്മുടെ ഉത്തരം
ഡോ. ഇ. ശ്രീകുമാർ

34 വഴികാട്ടാൻ കേരളം
ഡോ. രാജു എം.ആർ.

36 ഒരുമുറം പച്ചക്കറി
ഒരുമയുടെ വിളവെടുപ്പ്
എസ്.പി.വിഷ്ണു

39 ഫുട്ബോൾ വസന്തത്തിന്
വഴിയൊരുങ്ങുന്നു
സനിൽ പി. തോമസ്

42 ശബ്ദങ്ങളുടെ
നക്ഷത്രപുങ്കാവനം
പ്രൊഫസർ കെ. ശശികുമാർ

44 മധുരിക്കാത്ത
കാട്ടുഞാവൽപ്പഴങ്ങൾ
ശ്രീജിത്ത് പനവേലിൽ






41 ഓർമ്മ





46 നാട്ടുവിശേഷം
50 അറിയാം



പുതിയ ചീഫ് സെക്രട്ടറിയായി ചുമതലയേറ്റ ഡോ. വി.വേണുവും വിരമിച്ച ചീഫ്സെക്രട്ടറി ഡോ. വി.പി.ജോയിയും

ലോക കേരളസഭ

ലോക മലയാളിയുടെ ജനാധിപത്യവേദിയായി മാറിയ ലോക കേരളസഭ മേഖലാസമ്മേളനങ്ങളിലൂടെയും ചരിത്രം സൃഷ്ടിക്കുകയാണ്. അമേരിക്കയിൽ നടത്തിയ മേഖലാസമ്മേളനത്തിലൂടെ പ്രവാസലോകത്തിന്റെ സർവതോമുഖ പിന്തുണ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനുള്ള കൂടുതൽ വഴികൾ തുറക്കാനായി. പാരസ്പര്യം വിസ്തൃതമാക്കി നാടിന്റെ വികസനത്തിന് കാലോചിത മാറ്റങ്ങൾ സൃഷ്ടിക്കാനാകുംവിധമാണ് സമ്മേളനം ചേർന്നത്

# ലോകത്തിനൊപ്പം കേരളവും





**പിണറായി വിജയൻ**
മുഖ്യമന്ത്രി


ലോകത്താകെയുള്ള കേരളീയരുടെ പൊതുജനാധിപത്യ വേദിയാണ് ലോക കേരളസഭ. പ്രവാസികളുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുക, കേരളത്തിന്റെ വികസനത്തിനു വേണ്ടി പ്രവർത്തിക്കാൻ ലോകമലയാളികളെ സജ്ജരാക്കുക തുടങ്ങിയവയാണ് സഭയുടെ കൂട്ടായ്മയിലൂടെ ലക്ഷ്യമാക്കുന്നത്.

പ്രവാസലോകത്ത് ജീവിതം കെട്ടിപ്പടുക്കുന്ന മലയാളികളുടെ ജീവൽപ്രശ്നങ്ങൾ ഈ വേദിയിൽ സജീവമായാണ് ചർച്ചചെയ്യുന്നത്. സംസ്ഥാനത്തിന് പരിഹരിക്കാവുന്ന വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്തിയും ദേശീയവിഷയങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയുമുള്ള മാതൃകാപരമായ സംഘാടനമാണ് ലോക കേരളസഭയെ വേറിട്ടു നിർത്തുന്നത്.

65 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളെ പങ്കെടുപ്പിച്ച് 2022 ജൂൺ മാസത്തിലാണ് കേരളനിയമസഭയിൽ മൂന്നാം ലോക കേരളസഭ സമ്മേളിച്ചത്. പ്രവാസികളുടെ വിവര ശേഖരണത്തിനായി ഡേറ്റ സർവെ നടത്തുമെന്ന പ്രഖ്യാപനം ഉൾപ്പടെ ഒട്ടേറെ വിഷയങ്ങളിൽ ചർച്ചകളും നിലപാടുകളും തീരുമാനങ്ങളും കൈക്കൊള്ളാനായി. തുടർന്ന് കഴിഞ്ഞ ജൂൺ മാസത്തിൽ അമേരിക്കയിൽ മേഖലാസമ്മേളനവും ന ടന്നു. അമേരിക്കൻ മേഖലാസമ്മേളനം ന്യൂയോർക്കിലെ ടൈംസ് സ്ക്വയറിലെ മാരിയറ്റ് മർക്വേ ഹോട്ടലിലാണ് ഉദ്ഘാടനം ചെയ്തത്.

ലോക കേരളസഭയിൽ പ്രവാസികൾ സമർപ്പിക്കുന്ന പ്രായോഗികമായ എല്ലാ നിർദേശങ്ങളും സർക്കാർ നടപ്പാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർവതലസ്പർശിയും സാമൂഹിക



ന്യൂയോർക്ക് ടൈംസ് സ്ക്വയറിൽ അമേരിക്കൻ മലയാളികളെ അഭിസംബോധന ചെയ്യുന്ന മുഖ്യമന്ത്രി

നീതിയിലധിഷ്ഠിതവുമായ വികസനപദ്ധതികൾ നാടിന്റെ സാമൂഹിക, സാമ്പത്തിക, വൈജ്ഞാനിക മേഖലകളിൽ അഭൂതപൂർവമായ മാറ്റമാണ് സൃഷ്ടിക്കുന്നത്.

സമ്മേളനത്തിന്റെ ഭാഗമായി ബിസിനസ് ആൻഡ് ഇൻവെസ്റ്റ്മെന്റ് മീറ്റും വിവിധ വിഷയങ്ങളിൽ ചർച്ചകളും നടന്നു. ടൈം സ്ക്വയറിൽ പ്രവാസികളെ അഭിസംബോധന ചെയ്തു.


ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിച്ചുചേർത്ത് അവരുടെ വിവിധങ്ങളായ കഴിവുകൾ കേരളത്തിന്റെ പൊതുവളർച്ചക്കായി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2018 ൽ ആരംഭിച്ച ലോക കേരളസഭ ഇപ്പോൾ പ്രവാസികളുടെ പ്രതീക്ഷയായി മാറിയിരിക്കുകയാണ്. വർഷംതോറും സമ്മേളനങ്ങൾ. നാടിന്റെ വികസനത്തിനായുള്ള നിക്ഷേപ സാധ്യതകളും വിദേശ തൊഴിൽസാധ്യതകളും പ്രവാസം നേരിടുന്ന വെല്ലുവിളികളുമെല്ലാം ഉൾപ്പെടുന്ന സജീവ ചർച്ചകൾ. സഹായവാഗ്ദാനങ്ങൾ. ഇങ്ങനെ പ്രവാസികൾക്കും നാടിനും ലഭിക്കാവുന്ന എല്ലാ സഹായങ്ങളും പ്രതീക്ഷകളും ഉൾപ്പെടുന്ന ലോക കേരളസഭ കോവിഡ് മഹാമാരിക്ക് മുൻപാണ് യൂറോപ്പ്, യു. കെ. മേഖലാതലങ്ങളിൽ സമ്മേളനങ്ങൾ നടത്തിയത്. രണ്ടു വർഷത്തിന് ശേഷമുള്ള അമേരിക്കൻ സമ്മേളനത്തെ അമേരിക്കൻ മലയാളികൾ ആവേശത്തോടെ വരവേറ്റതിന്റെ കാരണവും മറ്റൊന്നാകാൻ വഴിയില്ല.

ഗൾഫ് രാജ്യങ്ങൾ കഴിഞ്ഞാൽ ഏറ്റവുമധികം മലയാളി പ്രവാസികളുള്ള പ്രദേശമാണ് വടക്കേ അമേരിക്കൻ ഭൂഖണ്ഡം. കേരളത്തിൽ നിന്നുള്ള ഏകദേശം എട്ട് ലക്ഷത്തോളം പേരാണ്




അമേരിക്കയിലും കാനഡയിലുമായി ഉള്ളതെന്നാണ് കണക്കാക്കപ്പെടുന്നത്. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് സവിശേഷമായ വിഷയങ്ങളാണ് അമേരിക്കൻ പ്രവാസി സമൂഹം അഭിമുഖീകരിക്കുന്നതും. ഈ പശ്ചാത്തലത്തിൽ അതീവഗൗരവത്തോടെയാണ് ലോകകേരളസഭയുടെ അമേരിക്കൻ മേഖലാ സമ്മേളനത്തെ കേരള സർക്കാരും ലോക കേരളസഭ സെക്രട്ടേറിയറ്റും വിലയിരുത്തുന്നത്.

ലോക കേരളസഭയുടെയും മേഖലാ സമ്മേളനങ്ങളുടെയും വിവിധ ശുപാർശകൾ ബന്ധപ്പെട്ട വകുപ്പുകളുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി അതത് വകുപ്പുകളിൽ ഡെപ്യൂട്ടി/അണ്ടർസെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. സമ്മേളനങ്ങളിൽ ഉയർന്നുവരുന്ന നിർദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ പ്രവാസികൾക്കുള്ള പരാതികൾ പരിഹരിക്കാനുള്ള ഓൺലൈൻ സംവിധാനം യാഥാർഥ്യമാക്കി. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്കായുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ജീവനോപാധികൾ കണ്ടെത്താനുള്ള വായ്പാ സൗകര്യം, ഇൻഷ്വറൻസ് പരിരക്ഷ, ക്ഷേമനിധി തുടങ്ങി ഒട്ടേറെ പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും



ക്യൂബൻ പ്രസിഡന്റ് മിഗ്വേൽ ഡിയാസ് കനാലുമായുള്ള കൂടിക്കാഴ്ച

# സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ




നമ്മുടെ ആഭ്യന്തര ഉൽപാദനത്തിന്റെ 30 ശതമാനത്തോളം മറുനാട്ടിൽ നിന്നും കേരളത്തിൽ എത്തിക്കുന്നവരാണ് പ്രവാസി സമൂഹം. അതുകൊണ്ടാണ് പ്രവാസികളുടെ ആശയങ്ങളും വിഭവങ്ങളും സംസ്ഥാനത്തിന്റെ പൊതുവികസന കാര്യങ്ങൾക്കും ക്ഷേമത്തിനും സർക്കാർ ഉപയുക്തമാക്കുന്നത്. ജന്മനാട്ടിൽ വ്യവസായങ്ങളും സ്റ്റാർട്ടപ്പുകളും തുടങ്ങാനുള്ള അന്തരീക്ഷ മൊരുക്കിയും വേണ്ട സഹായങ്ങൾ നൽകിയും പ്രവാസി സ്വപ്നങ്ങൾക്ക് കേരളം ജീവൻ പകരുന്നു. യു.എ.എയിലെ ദുബൈയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിച്ചിരിക്കുന്നത് ഈ സാഹചര്യ ത്തിലാണ്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ പ്രവാസികൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങാനും നിക്ഷേപം സ്വീകരിക്കാനുമുള്ള സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ദുബായിലാണ് ഉദ്ഘാടനം ചെയ്തത്.

യു.എ.ഇക്കു പുറമെ അമേരിക്ക, ഓസ്ട്രേലിയ, യൂറോപ്പ് എന്നിവിടങ്ങളിലാണ് ഇൻഫിനിറ്റി സെന്ററുകൾ ആരംഭിക്കുക. വിദേശരാജ്യങ്ങളിൽ നിന്നുതന്നെ കേരളത്തിൽ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള എല്ലാസഹായവും ഇൻഫിനിറ്റി കേന്ദ്രങ്ങളിലൂടെ ലഭിക്കും. അതിനായി കേരളം വിദേശ രാജ്യങ്ങളിൽ പ്ലഗ് ആൻഡ് പ്ലേ സംവിധാനം ഏർപ്പെടുത്തും.

സ്റ്റാർട്ടപ്പുകൾക്ക് വിദേശത്ത് സ്വന്തം ഓഫീസില്ലാതെ പ്രവർത്തിക്കാൻ സാധിക്കും എന്നതാണ് ഇൻഫിനിറ്റി കേന്ദ്രങ്ങളുടെ പ്രത്യേകത. ഉൽപന്നരൂപീകരണം, വികസനം എന്നീ മേഖലകളിൽ ഇൻക്യുബേഷൻ സഹായവും ഇവിടെ ലഭ്യമാക്കും. പ്രവാസി സമൂഹത്തിന് സ്റ്റാർട്ടപ്പ് മിഷന്റെ വിവിധ പദ്ധതികളിൽ നിക്ഷേപകൻ, സംരംഭകൻ, സ്ഥാപകൻ, വിദഗ്ധോപദേഷ്ടാവ് എന്നീ നിലകളിൽ പങ്കെടുക്കാനും സെന്റർ അവസരമൊരുക്കും. കേരളത്തിലെ എയ്ഞ്ചൽ നിക്ഷേപക ശൃംഖലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനൊപ്പം സ്റ്റാർട്ട്അപ്പ് മിഷന്റെ ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയിൽ പങ്കാളികളാകാനും സാധിക്കും.

യാഥാർഥ്യമാക്കുകയുമാണ്.

മൂന്നാം ലോക കേരളസഭയിൽ ഉയർന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവാസികളുടെ വിവരശേഖരണത്തിനായി ഒരു ഡിജിറ്റൽ ഡേറ്റ പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പ്രവാസികൾക്കായുള്ള സമഗ്ര ഇൻഷ്വറൻസ് സംവിധാനമൊരുക്കലും അവസാനഘട്ടത്തിലാണ്.

ലോക കേരളസഭയിലെ നിർദേശങ്ങൾ പരിഗണിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ചും പ്രവാസി സമൂഹത്തിനുൾപ്പെടെ എല്ലാവർക്കും മതിയായ പരിഗണനയും സുരക്ഷയും ഉറപ്പാക്കിയും ദീർഘകാല പരിപ്രേക്ഷ്യത്തോടെ വികസന പദ്ധതികൾ നടപ്പാക്കിയുമാണ് സംസ്ഥാന സർക്കാരിന്റെ മുന്നേറ്റം. സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനം നൽകും വിധം ഉൽപാദന മേഖലകളിൽ ഉണർവുണ്ടാക്കാനും സേവനമേഖലകളെ ആധുനിക വൽക്കരിക്കാനും വിജ്ഞാനാധിഷ്ഠിത സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാനുമുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

സാമൂഹികക്ഷേമമൊരുക്കുന്നതിൽ സജീവമായി ഇടപെട്ടും സേവനമേഖലയെ ശക്തിപ്പെടുത്തിയും പൊതു-പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിച്ചും അടിസ്ഥാന വികസനത്തിനായി ബദൽ മാർഗങ്ങൾ ആരാഞ്ഞും ക്ഷേമവും സേവനങ്ങളും വികസനവും എല്ലാം ജനങ്ങളുടെ അവകാശമാണെന്ന് സ്ഥാപിച്ചു മാണ് സർക്കാരിന്റെ പ്രവർത്തനം. ഇതൊക്കെ സാധ്യമാകുന്നത് അതിർത്തിക്കുമപ്പുറമുള്ളവരും കടൽ കടന്നു പോയവരുമായ പ്രവാസിസമൂഹ ത്തിന്റെ കൂടി അധ്വാനത്തിന്റെ ബലത്തിലാണ്. ആ തിരിച്ചറിവിന്റെ കൂടി അടിസ്ഥാനത്തിലാണ് വിശ്വപൗരന്മാരെ ഇത്തരം കൂട്ടായ്മകളിലൂടെ ഒരുമിപ്പിക്കുന്നത്. ■

# ഇനിയും മുന്നോട്ട്

**ചികിത്സാച്ചെലവ് ഭാരമാകാതെ നിലനിർത്തുന്നതിന് തുടങ്ങിവച്ച മെഡിസെപ് പദ്ധതി തുടങ്ങിയിട്ട് ഒരു വർഷം പിന്നിടുമ്പോൾ അഭിമാനകരമായ മുന്നേറ്റമാണ് ഉണ്ടായിരിക്കുന്നത്**



**കെ. എൻ. ബാലഗോപാൽ**
ധനകാര്യ വകുപ്പ് മന്ത്രി

പെൻഷൻകാർക്കും ജീവനക്കാർക്കും വലിയ തോതിൽ ആശ്വാസകരമാണ് ഇന്ന് മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി. 30 ലക്ഷത്തോളം പേരാണ് ഗുണഭോക്താക്കൾ. ഒരു കുടുംബത്തിന് പ്രതിവർഷം മൂന്ന് ലക്ഷം രൂപയുടെ പരിരക്ഷയാണ് നൽകുന്നത്.

മെഡിസെപ് പദ്ധതിയിൽ ഇതുവരെ 738.41 കോടി രൂപയുടെ 3,08,036 ക്ലെയിമുകൾ വന്നിട്ടുണ്ട്. 55.43 കോടി രൂപയുടെ 29,682 ക്ലെയിമുകൾ സർക്കാർ ആശുപത്രിയിൽ നിന്നും 682.98 കോടിയുടെ 2,78,354 ക്ലെയിമുകൾ സ്വകാര്യ ആശുപത്രികളിൽ നിന്നുമാണുള്ളത്. 719.01 കോടി രൂപയുടെ 2,84,924 ക്ലെയിമുകൾ അംഗീകരിച്ചു. 1922 അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 38.63 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്.


ഏറ്റവും കുറഞ്ഞ പ്രീമിയം തുക ഒടുക്കി 1920 ചികിത്സാപ്രക്രിയകൾക്ക് അടിസ്ഥാനപരിരക്ഷ മെഡിസെപ്പിലൂടെ നൽകുന്നു. 12 മാരകരോഗങ്ങൾക്കും അവയവമാറ്റ ചികിത്സാപ്രക്രിയകൾക്കും അധികപരിരക്ഷയും ഉൾപ്പെടുന്നു. മെഡിസെപ്പിൽ പ്രായമായവർക്ക് പോലും പ്രീ-മെഡിക്കൽ പരിശോധനകൾ ഇല്ലാതെ പരിരക്ഷ ലഭിക്കുന്നു.

> **ഗുണഭോക്താക്കളുടെ ക്ഷേമം മുൻനിർത്തി, ചികിത്സകൾ മുടങ്ങാതിരിക്കാൻ സർക്കാർ രൂപീകരിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നും അധിക തുക നൽകാൻ നടപടിയെടുത്തിട്ടുണ്ട്**

കഴിയുന്നത്ര എല്ലാ പാക്കേജുകളും ഉൾപ്പെടുത്തിയാണ് മെഡിസെപ് നടപ്പിലാക്കുന്നത്. മെഡിസെപ്പിനായി രൂപീകരിച്ച ആരോഗ്യവിദഗ്ധസമിതി തീരുമാനിച്ച നിരക്കുകളാണ് പാക്കേജിലുള്ളത്. ഇൻഷ്വറൻസ് കമ്പനി ആശുപത്രികളുമായി ഏർപ്പെട്ട കരാറിൽ പാക്കേജ് റേറ്റുകൾ സമ്മതിച്ച് ഒപ്പിട്ട് നൽകിയിട്ടുമുണ്ട്. പാക്കേജുകളിൽ പരിഷ്കരണം പരിഗണനയിലുമാണ്.

2022 ജൂലൈയിൽ

## മെഡിസെപ് ഇതുവരെ




ആരംഭിച്ച് 2025 ജൂണിൽ അവസാനിക്കുന്ന മൂന്ന് വർഷ പോളിസി കാലയളവിലേക്കാണ് ഇൻഷ്വറൻസ് കമ്പനിയുമായി കരാറിലെത്തിയിട്ടുള്ളത്. ഈ കാലയളവിൽ അവയവമാറ്റ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി 35 കോടി രൂപയുടെ കോർപ്പസ് ഫണ്ട് ഇൻഷ്വറൻസ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി തുടങ്ങി ഒൻപത് മാസം പിന്നിടുമ്പോൾ തന്നെ ഈ തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ടുകഴിഞ്ഞു. ഗുണഭോക്താക്കളുടെ ക്ഷേമം മുൻനിർത്തി, ചികിത്സകൾ മുടങ്ങാതിരിക്കാൻ സർക്കാർ രൂപീകരിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നും അധിക തുക നൽകാൻ നടപടിയെടുത്തിട്ടുണ്ട്.

### ആശുപത്രികളുടെ ബൃഹദ്ശൃംഖല

മെഡിസെപ് സംബന്ധിച്ചിട്ടുള്ള എല്ലാ വിവരങ്ങളും വെബ് സൈറ്റ് ഡാഷ്ബോർഡിൽ അതത് സമയത്ത് അപ്‌ലോഡ് ചെയ്യുന്നുണ്ട്. എല്ലാ വിവരങ്ങളും പൊതുജനങ്ങളുമായും മാധ്യമങ്ങളുമായും പങ്കുവെയ്ക്കുന്നു. കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കാൻ മൊബൈൽ ആപ്പ് ഏർപ്പെടുത്തി.

സംസ്ഥാനത്തിന് പുറത്തുള്ള 13 സ്വകാര്യ ആശുപത്രികൾ, സംസ്ഥാനത്തിനകത്തുള്ള മികച്ച 323 സ്വകാര്യ-സഹകരണ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ ഉൾപ്പടെ 143 സർക്കാർ ആശുപത്രികൾ, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ ഉൾപ്പടെ ആശുപത്രികളുടെ ബൃഹദ്ശൃംഖല മെഡിസെപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

മെഡിസെപ് പദ്ധതി വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യങ്ങളേക്കാൾ വളരെ വലിയ നേട്ടമാണ് ഒരു വർഷത്തിനുള്ളിൽ കൈവരിക്കാൻ കഴിഞ്ഞത്. മെഡിസെപ്പ് പദ്ധതിയിലെ പ്രശ്നങ്ങൾ പരിഹരിച്ച് കൂടുതൽ മികവുറ്റതാക്കാൻ നിരന്തരമായ ശ്രമം നടത്തിവരികയാണ്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സമഗ്രമായ ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി മെഡിസെപ്പ് നടപ്പാക്കുന്നതോടൊപ്പം സാധാരണ ജനങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന ചികിത്സാച്ചെലവുകൾ നേരിടാനും കുടുംബങ്ങളെ സാമ്പത്തിക തകർച്ചയിലേക്ക് തള്ളിവിടുന്ന സാഹചര്യം ഒഴിവാക്കാനും കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും സർക്കാർ നടപ്പാക്കിവരുന്നുണ്ട്. കാരുണ്യ പദ്ധതിയ്ക്ക് 100 കോടി രൂപ അടുത്തിടെ ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നു. ഒരു സാമ്പത്തികവർഷം ഏകദേശം 1,600 കോടി രൂപയിലധികം കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി സർക്കാർ ചെലവഴിക്കുന്നുണ്ട്. അതിൽ കേന്ദ്രസഹായമായി ലഭിക്കുന്നത് ഏകദേശം 150 കോടി രൂപ മാത്രമാണ്. കാരുണ്യ പദ്ധതിയിലൂടെ 42 ലക്ഷം കുടുംബങ്ങളുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്താൻ സർക്കാരിന് കഴിയുന്നുണ്ട്.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള വിപുലമായ സർക്കാർ ആരോഗ്യപരിപാലന ശൃംഖലകളിലൂടെയും മെഡിസെപ്, കാരുണ്യ ആരോഗ്യ എന്നീ ഇൻഷ്വറൻസ് പദ്ധതികളിലൂടെയും കേരളത്തിലെ ജനങ്ങളുടെ സമഗ്ര ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുകയാണ് സർക്കാർ. ■

# കേരളത്തിന്റെ തൊഴിൽശക്തി

**തൊഴിൽമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനുമുന്നിൽ അവതരിപ്പിക്കാനുള്ള അവസരമാണ് ഇന്റർനാഷണൽ ലേബർ കോൺക്ലേവിലൂടെ ലഭിച്ചത്. ഐ.എൽ.ഒ. പ്രമാണങ്ങൾ അനുസരിച്ച് ഇന്ത്യൻ ലേബർ കോൺഫറൻസുകൾ അംഗീകരിച്ച നിർദേശങ്ങൾ പ്രകാരം തൊഴിൽ ബന്ധങ്ങളിൽ ആരോഗ്യകരമായ മാറ്റങ്ങൾക്കാണ് സംസ്ഥാന സർക്കാർ മുൻകൈയെടുത്തിട്ടുള്ളത്**





**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

ഇന്ത്യയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം ഏകദേശം 54 കോടിയോളം വരും. ഇതിൽ 94 ശതമാനം പേരും അനൗപചാരിക മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. നിലവിലുള്ള തൊഴിൽനിയമങ്ങളുടെ യാതൊരു പരിരക്ഷയും ഇവർക്ക് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് കേരളത്തിൽ തൊഴിലാളി സംരക്ഷണ നടപടികൾ സ്വീകരിക്കുന്നത്. തൊഴിൽമേഖലയിലെ സഹകരണ സംഘങ്ങൾ ബീഡി, കയർ, കൈത്തറി, മത്സ്യം എന്നീ മേഖലകളിൽ മികച്ച മാതൃകകളാണ്. കേരള ദിനേശ് ബീഡി സഹകരണ സംഘം ഒരു കാലത്ത് അമ്പതിനായിരത്തോളം തൊഴിലാളികൾക്ക് ജോലി നൽകിയിരുന്നു.

മറ്റൊരു പ്രധാന ചുവടുവയ്പ്പാണ് തൊഴിലാളി ക്ഷേമപദ്ധതികൾ. സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധിബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 70 ലക്ഷത്തോളം പേർ അംഗങ്ങളാണ്. വാർധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. രാജ്യത്തിനാകെ മാതൃകയാണ് ക്ഷേമനിധി ബോർഡുകൾ.

തൊഴിൽവൈദഗ്ധ്യവും ഉൽപാദനക്ഷമതയും വർധിപ്പിക്കാൻ സംസ്ഥാനസർക്കാരും വിവിധ ട്രേഡ് യൂണിയനുകളും നല്ല ധാരണയോടെ പ്രവർത്തിക്കുന്നുണ്ട്. സമാധാനപരമായ




അതിന്റെ പ്രശ്നങ്ങളും വിശകലനവും, ഗാർഹികതൊഴിലാളികൾ, സ്കീം വർക്കേഴ്സ്, കെയർവർക്കേഴ്സ് എന്നീ തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമം, ആഭ്യന്തരകുടിയേറ്റവും കുടിയേറ്റ തൊഴിലാളികളുടെ അവകാശ സംരക്ഷണവും ആധുനിക ജോലിസാധ്യതകളും അതിനനുസൃതമായ നൈപുണ്യവികസനവും, ഗിഗ്, പ്ലാറ്റ് ഫോം തൊഴിലാളികളുടെ ക്ഷേമം, ലേബർ സ്ഥിതിവിവരങ്ങൾ എന്നീ വിഷയങ്ങളാണ് വിവിധ സെഷനുകളിലായി ചർച്ചചെയ്യപ്പെട്ടത്.

തൊഴിൽ അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. തൊഴിൽദിനങ്ങൾ അധികം നഷ്ടപ്പെടുന്നുമില്ല. മിനിമം വേതനം, ഫെയർവേജ് തുടങ്ങിയ തത്വങ്ങൾ വ്യത്യസ്ത മേഖലയിൽ നടപ്പാക്കുന്നു. അതിഥിത്തൊഴിലാളികളുടെയും സുരക്ഷിതകേന്ദ്രമാണ് കേരളം. തൊഴിലാളികൾക്ക് സുരക്ഷിതത്വവും ഉൽപാദനക്ഷമതയും വ്യവസായസമാധാനവും നിലനിൽക്കുന്ന നവകേരളമാണ് ലക്ഷ്യം. സാമ്പത്തികവളർച്ചയുടെ നേട്ടങ്ങൾ തൊഴിലെടുക്കുന്നവരുമായി പങ്കിടുന്ന സമ്പത്തിന്റെ പുനർവിതരണം എന്ന തത്വമാണ് സംസ്ഥാനത്തെ നയിക്കുന്നത്.

## കർമ്മപദ്ധതി തയ്യാറാക്കും

കേരളവും തൊഴിൽസംഘടനയുമായി ചേർന്നുള്ള പ്രവർത്തനങ്ങളുടെ ശതാബ്ദിനിറവിൽ സംസ്ഥാന തൊഴിൽവകുപ്പ് ആസൂത്രണ ബോർഡുമായി ചേർന്നാണ് തിരുവനന്തപുരത്ത് അന്താരാഷ്ട്ര ലേബർ കോൺക്ലേവ് (മേയ് 24-26) സംഘടിപ്പിച്ചത്. കോൺക്ലേവിൽ ഉരുത്തിരിഞ്ഞത് വിലപ്പെട്ട ആശയങ്ങളാണ്. അവ ക്രോഡീകരിച്ച് കർമ്മപദ്ധതി തയ്യാറാക്കി കൂട്ടായ ശ്രമങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. രാജ്യത്തുതന്നെ ആദ്യമാണ് തൊഴിൽരംഗവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കുന്നത്. ദേശീയ, അന്തർദേശീയ പ്രതിനിധികൾ പങ്കുവെച്ച നിർദേശങ്ങളും ആശയങ്ങളും കേരളത്തിലെ തൊഴിൽരംഗത്ത് മാറ്റങ്ങൾ കൊണ്ടുവരാൻ ഉതകുന്നതാണ്.

തൊഴിലാളികളെ സംബന്ധിച്ച് സർക്കാർ തലത്തിൽ ഒരു ത്രികക്ഷി ചർച്ച നടക്കുന്നത് ആദ്യമാണ്. തൊഴിലാളിക്ഷേമ പ്രവർത്തനരംഗത്ത് പുത്തൻ നയരൂപീകരണത്തിന് ഇതിൽനിന്നും ലഭിച്ചിട്ടുള്ള നിർദേശങ്ങൾ ഏറെ പ്രയോജന കരമാകും. തൊഴിലാളികളുടെ അവകാശങ്ങളും നിയമനിർമ്മാണവും സാമൂഹികസുരക്ഷയും, അനൗപചാരിക തൊഴിൽരീതികളിൽ നിന്ന് ഔപചാരിക തൊഴിൽരീതികളിലേക്കുള്ള മാറ്റവും

## തൊഴിലാളികളുടെ അവകാശസംരക്ഷണം

തൊഴിലാളികളുടെ അവകാശങ്ങൾ പൊതുചർച്ചയുടെ ഭാഗമാകണം. ഗാർഹികതൊഴിലാളികളുടെ അവകാശസംരക്ഷണ ബില്ലിന്റെ പൂർത്തീകരണത്തിലേക്ക് സർക്കാർ നീങ്ങികൊണ്ടിരിക്കുകയാണ്. രാജ്യത്ത് ആദ്യമായാണിത്. തൊഴിലാളികളുടെ അവകാശങ്ങളെ ചുരുക്കുന്നതും കോടതിവിധികളിലൂടെ നേടിയ അവകാശങ്ങളെ റദ്ദു ചെയ്യുന്നതും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾ തൊഴിൽ സമ്മേളനങ്ങളിൽ വ്യാപകമായി ചർച്ച ചെയ്യേണ്ടതുണ്ടെന്ന് കോൺക്ലേവ് നിരീക്ഷിച്ചു. വിവിധ സർക്കാർ പരിപാടികളുടെ ഭാഗമായ സ്കീം -കമ്മ്യൂണിറ്റി വർക്കർമാരെ തൊഴിലാളികളായി കണക്കാക്കണം. പരിചരണ സ്കീം തൊഴിലാളികൾക്ക് ന്യായമായ പ്രതിഫലം നൽകണം- പരമ്പരാഗത വ്യവസായങ്ങളിലെ ആരോഗ്യകരവും അർഹിക്കുന്ന പ്രതിഫലത്തിനുമായി തൊഴിലാളികളുടെ അവകാശങ്ങൾക്കും കോൺക്ലേവ് ഊന്നൽ നൽകി.

ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ദേശീയതലത്തിൽ വിഷയം ഏറ്റെടുത്ത് സംസ്ഥാനം മുന്നോട്ട് പോകും. കുടിയേറ്റത്തൊഴിലാളികളുടെ അവകാശങ്ങളും ഉപജീവനമാർഗങ്ങളും സംരക്ഷിക്കേണ്ടതിന്റെ ഭാഗമായി കുടിയേറ്റത്തിന്റെയും കുടിയേറ്റ തൊഴിലാളികളുടെയും വിശദാംശങ്ങൾ സ്ഥിതിവിവര പഠനത്തിന് വിധേയമാക്കണം.

തൊഴിലാളിവർഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ഉറപ്പാക്കുന്നതിന് ശാസ്ത്രീയമായ സ്ഥിതിവിവരകണക്കുകളുടെ ആവശ്യകതയും തൊഴിലാളി അവകാശ സംരക്ഷണത്തിനും ക്ഷേമത്തിനുമായി സംസ്ഥാന, ദേശീയ സർക്കാരുകൾക്ക് നിരവധി നയനിർദേശങ്ങൾ മുന്നോട്ട് വെയ്ക്കുന്ന അവകാശ പ്രഖ്യാപനവും കോൺക്ലേവ് ഡിക്ലറേഷൻ മുന്നോട്ട് വെച്ചു. ■

# അതിജാഗ്രതയോടെ പ്രതിരോധം

**സംസ്ഥാനത്ത് മഴക്കാലരോഗങ്ങളെ നേരിടുന്നതിന് ആരോഗ്യജാഗ്രതയ്ക്ക് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. മഴക്കാലത്തിന് പിന്നാലെയുള്ള പകർച്ചവ്യാധിസാധ്യത മുന്നിൽകണ്ടുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് മുൻകൂറായി തുടങ്ങിയിരുന്നു. ഏതു സാഹചര്യവും നേരിടാൻ സുസജ്ജമാണ് സംസ്ഥാനം**



**വീണാ ജോർജ്**
ആരോഗ്യവകുപ്പ് മന്ത്രി

ഡെങ്കിപ്പനി, എലിപ്പനി, എച്ച്. വൺ എൻ. വൺ, ഇൻഫ്ളുവൻസ, വയറിളക്ക രോഗങ്ങൾ എന്നിവയാണ് മഴക്കാലത്തെ പ്രധാന വെല്ലുവിളികൾ. പകർച്ചപ്പനി കേസുകൾ തുടരുന്നുണ്ടെങ്കിലും ആശങ്ക വേണ്ട എന്ന ഉറപ്പാണ് നൽകാനുള്ളത്. ജൂലൈയിൽ ഡെങ്കിപ്പനി കേസുകളിൽ വർധനയുണ്ടാകുമെന്നാണ് ആരോഗ്യവിദഗ്ധരുടെ വിലയിരുത്തൽ. ചാക്രിക വർധന (സൈക്ലിക് ഇൻക്രീസ്) ഈ വർഷം ഉണ്ടാകുമെന്ന കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണം ലക്ഷ്യമാക്കി മുന്നൊരുക്കം നടത്തി. കേസുകൾ വലിയതോതിൽ വർധിക്കാതിരിക്കാൻ എല്ലാ പ്രതിരോധമാർഗങ്ങളും സ്വീകരിക്കുകയുമാണ്. ഡെങ്കിപ്പനിക്കും മറ്റ് കൊതുജന്യരോഗങ്ങൾക്ക് എതിരെയും സുരക്ഷാകവചം തീർക്കുന്നതിനാണ് ശ്രമം.


## തയ്യാറെടുപ്പ് നേരത്തെ

കോവിഡ് കാലയളവിൽ ജനങ്ങളുടെ ആരോഗ്യശ്രദ്ധയും മാസ്കിന്റെ ഉപയോഗവും പകർച്ചപ്പനി കേസുകളിൽ ഗണ്യമായ കുറവിന് ഇടയാക്കിയിരുന്നു. മാർച്ചിൽതന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളുടെയും യോഗം വിളിച്ചുചേർത്ത് മഴക്കാലപൂർവ ശുചീകരണം ശക്തിപ്പെടുത്താൻ മുൻകൈയെടുത്തു. ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണം, റവന്യൂ, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ മന്ത്രിമാർ യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ കുടുതൽ ശക്തമാക്കി. മഴക്കാല ശുചീകരണത്തിന്റെ ഭാഗമായി വിവിധ തലങ്ങളിലെ യോഗങ്ങളും പ്രവർത്തനങ്ങളും ആരോഗ്യജാഗ്രത കലണ്ടർ പ്രകാരം നടത്തി. മെയ് ആദ്യംമുതൽ ആഴ്ചതോറും ആരോഗ്യവകുപ്പിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. പനിക്കാലത്തിനു മുമ്പേ ആശുപത്രികൾ



> മാർച്ചിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളുടെയും യോഗം വിളിച്ചുചേർത്ത് മഴക്കാലപൂർവ ശുചീകരണം ശക്തിപ്പെടുത്താൻ മുൻകൈയെടുത്തു

എ. എസ്. ശരത്





സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ ഈ സാമ്പത്തിക വർഷത്തെ മരുന്ന് വിതരണം നടത്തി. ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്.

മികച്ച ചികിത്സയും പ്രതിരോധവും ഉറപ്പുവരുത്തി മരണങ്ങൾ പരമാവധി കുറയ്ക്കാനാണ് ശ്രമിക്കുന്നത്. ആശുപത്രികളിൽ മതിയായ ക്രമീകരണങ്ങളൊരുക്കിയിട്ടുമുണ്ട്. ഫീവർ ക്ലിനിക്കുകൾ, ഡോക്സി - ഒ.ആർ.എസ് കോർണറുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. മെഡിക്കൽ കോളേജുകളിൽ പ്രത്യേക വാർഡുകൾ സജ്ജമാക്കി.

## ഡ്രൈ ഡേ പ്രവർത്തനങ്ങൾ തുടരാം

പകർച്ചപ്പനിവ്യാപനം റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ ഫീൽഡുതല പ്രവർത്തനങ്ങൾ സുശക്തമാക്കി. പ്രതിരോധ-അവബോധ പ്രവർത്തനങ്ങളിൽ ഐ.എം.എ ഉൾപ്പെടെയുള്ള സംഘടനകളും സ്വകാര്യ ആശുപത്രികളും സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. ഡ്രൈ ഡേ പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ട്; വെള്ളിയാഴ്ച-സ്കൂളുകൾ, ശനിയാഴ്ച-ഓഫീസുകൾ, ഞായറാഴ്ച-വീടുകൾ എന്നിങ്ങനെയാണ് ആചരിക്കേണ്ടത്. സന്നദ്ധപ്രവർത്തകരും സർവീസ് സംഘടനകളും മുന്നിട്ടിറങ്ങണം. സ്ഥാപനവും പൊതുയിടവും വീടും പരിസരവും എല്ലാവരും വൃത്തിയായി സൂക്ഷിക്കണം. ഒരുതുള്ളി വെള്ളം പോലും വീടിന് അകത്തോ പുറത്തോ കെട്ടിനിർത്തരുത്.

> **ഡ്രൈ ഡേ പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ട്; വെള്ളിയാഴ്ച-സ്കൂളുകൾ, ശനിയാഴ്ച-ഓഫീസുകൾ, ഞായറാഴ്ച-വീടുകൾ എന്നിങ്ങനെയാണ് ആചരിക്കേണ്ടത്**

കുട്ടികൾ, പ്രായമായവർ, പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ രോഗങ്ങളുള്ളവർ പനി ബാധിച്ചാൽ എത്രയും വേഗം ചികിത്സ തേടണം; സ്വരക്ഷയ്ക്കായി മാസ്ക് ഉപയോഗിക്കണം.

പകർച്ചപ്പനിവ്യാപനം ഉണ്ടാകാതിരിക്കാൻ ദുരിതാശ്വാസ ക്യാമ്പുകളിലുൾപ്പെടെ പ്രത്യേകം ജാഗ്രതപുലർത്താൻ നിർദേശം നൽകി. ക്യാമ്പുകളിൽ മെഡിക്കൽസംഘത്തിന്റെ സേവനം ഉറപ്പാക്കും. ക്യാമ്പുകളിൽ ആരോഗ്യസേവനം ഉറപ്പാക്കാൻ

പി.എച്ച്.സി./എഫ്.എച്ച്.സി./സി.എച്ച്.സി.യിലുള്ള എച്ച്.ഐ./ജെ.എച്ച്.ഐ. തലത്തിലുള്ള ഒരാൾക്ക് ചുമതല നൽകും. ദുരിതാശ്വാസക്യാമ്പുകളിൽ രോഗം ബാധിച്ചവരെ പ്രത്യേകം പാർപ്പിക്കേണ്ടതാണ്. അവർക്കുള്ള ചികിത്സ ഉറപ്പാക്കണം. ക്യാമ്പിലുള്ളവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ ആരോഗ്യവകുപ്പിനെ വിവരം അറിയിക്കണം. ക്യാമ്പും പരിസരവും വൃത്തിയായി സൂക്ഷിക്കണം. ശുചിത്വത്തിന് പ്രത്യേക പ്രാധാന്യം നൽകണം.

മഴക്കാലത്ത് വയറിളക്കരോഗങ്ങൾക്ക് സാധ്യതയേറെയാണ്. വയറിളക്കരോഗങ്ങളക്കെതിരെ ജാഗ്രത പാലിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ. ആഹാരവും വെള്ളവും അടച്ച് സൂക്ഷിക്കണം. മഴവെള്ളം കലർന്ന കിണറുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യണം. സ്ഥിരമായി മരുന്ന് കഴിക്കുന്നവർ മുടക്കം വരുത്തരുത്. കഴിക്കുന്ന മരുന്നുകളുടെ കുറിപ്പ് കൈയിൽ കരുതണം. ക്യാമ്പുകളിൽ മരുന്ന് ലഭ്യത ഉറപ്പാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ആംബുലൻസ് സേവനവും ഉറപ്പാക്കി. മറ്റ് രോഗമുള്ളവർ, കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ എന്നിവരെ പ്രത്യേകം ശ്രദ്ധിക്കും. ഇൻഫ്ളുവൻസ പടരാതിരിക്കാൻ ക്യാമ്പിനകത്ത് മറ്റ് രോഗങ്ങളുള്ളവർ, കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ എന്നിവർ മാസ്ക് ധരിക്കേണ്ടതാണ്. കാൻസർ രോഗികൾ, ഡയാലിസിസ് ചെയ്യുന്നവർ, അവയവ മാറ്റിവയ്ക്കലിനു വിധേയരാവുന്നവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം.

## എലിപ്പനി പ്രതിരോധം പ്രധാനം

ചെളിയിലോ മലിനജലത്തിലോ കെട്ടിക്കിടക്കുന്ന മഴവെള്ളത്തിലോ ഇറങ്ങിയാൽ നിർബന്ധമായും എലിപ്പനി പ്രതിരോധഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. കൈയുറയും കാലുറയും ഇല്ലാതെ മണ്ണിലോ വെള്ളത്തിലോ ജോലിക്കിറങ്ങരുത്. മുറിവുകളിലൂടെ എലിപ്പനി സാധ്യത കൂടുതലാണ്. ക്യാമ്പിലുള്ള എല്ലാവർക്കും ഡോക്സിസൈക്ലിൻ നൽകുകയാണ്. എല്ലാ സർക്കാർ ആശുപത്രികളിലും ഡോക്സിസൈക്ലിൻ സൗജന്യമായി ലഭ്യമാണ്.

- മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ വ്യക്തിസുരക്ഷാ ഉപാധികളായ കൈയുറ, മുട്ട് വരെയുള്ള കാലുറ, മാസ്ക് എന്നിവ ഉപയോഗിക്കണം.
- വെള്ളത്തിലിറങ്ങിയാൽ കൈയും കാലും സോപ്പ് ഉപയോഗിച്ച് നന്നായി കഴുകണം.
- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കാനോ കുളിക്കാനോ പാടില്ല.
- മണ്ണുമായും മലിനജലവുമായും സമ്പർക്കം വരുന്ന കാലയളവിൽ ആഴ്ചയിലൊരിക്കൽ ഡോക്സിസൈക്ലിൻ ഗുളിക 200 മില്ലീഗ്രാം (100 മില്ലിഗ്രാമിന്റെ രണ്ട് ഗുളിക) ആരോഗ്യപ്രവർത്തകരുടെ നിർദേശാനുസരണം കഴിക്കണം.
- എലിപ്പനിയുടെ പ്രാരംഭ ലക്ഷണങ്ങളുള്ളവർ ആരോഗ്യപ്രവർത്തകരുമായി ബന്ധപ്പെടേണ്ടതാണ്.

## ഡെങ്കിപ്പനി ജാഗ്രത

- വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം.
- ഒരുതുള്ളി വെള്ളം പോലും കെട്ടിനിർത്തരുത്.

**മുറിവുകളിലൂടെ എലിപ്പനി സാധ്യത കൂടുതലാണ്. ക്യാമ്പിലുള്ള എല്ലാവർക്കും ഡോക്സിസൈക്ലിൻ നൽകുകയാണ്. എല്ലാ സർക്കാർ ആശുപത്രികളിലും ഡോക്സിസൈക്ലിൻ സൗജന്യമായി ലഭ്യമാണ്**

- കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണം.
- വീട്ടിനകത്തെ ചെടിച്ചട്ടിയിലെ ട്രേയിൽ വെള്ളം കെട്ടിനിർത്തരുത്
- ചെടിച്ചട്ടികളുടെയും ഫ്രിഡ്ജിലേയും ട്രേയിലെ വെള്ളം ആഴ്ചതോറും മാറ്റണം.
- ഉപയോഗശൂന്യമായ ടയറുകളിൽ വെള്ളം കെട്ടാതെ നോക്കണം

രോഗം വന്നാൽ സ്വയംചികിത്സ പാടില്ല. പകർച്ചപനികൾ വളരെവേഗം സങ്കീർണ്ണമാകുന്നതിനാൽ ഉടൻ ചികിത്സ തേടുക. നീണ്ടുനിൽക്കുന്ന പനി ഏത് തരമാണെന്ന് ഉറപ്പ് വരുത്തണം. അൽപം കരുതലെടുത്താൽ രോഗം ബാധിക്കാതെ ഈ മഴക്കാലത്തേയും അതിജീവിക്കാനാകും. അതിനുള്ള എല്ലാപിന്തുണയും സർക്കാർ ഉറപ്പായും നൽകും. ■

**കാലവർഷത്തിന്റെ വരവോടെ, മഴയുമായി ബന്ധപ്പെട്ട പകർച്ചവ്യാധികളെക്കുറിച്ചുള്ള ആശങ്ക ഉയർന്നിട്ടുണ്ട്. കാലവർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ പരിസരശുചിത്വം ഉറപ്പുവരുത്തി കൊതുകുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ, ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയവ പടർന്നുപിടിക്കാതെ കൃത്യമായ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്താൻ മുൻകൈയെടുത്തതിനാൽ, അത്തരം രോഗങ്ങളിൽനിന്ന് ജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കാൻ വകുപ്പിന് കഴിഞ്ഞു**

# മുൻകരുതൽ

## ആരോഗ്യസംരക്ഷണം ഉറപ്പാക്കി



**ഡോ. റീന കെ. ജെ**
ഡയറക്ടർ, ആരോഗ്യ വകുപ്പ്

പൊതുജനാരോഗ്യ ബോധവൽക്കരണം, ആരോഗ്യ ഇടപെടലുകൾ, വെക്റ്റർ നിയന്ത്രണം, കാര്യക്ഷമമായ മാലിന്യസംസ്കരണം എന്നിവ സംയോജിപ്പിച്ച സമഗ്രമായ സമീപനമാണ് മഴ സംബന്ധമായ രോഗങ്ങളുടെ വ്യാപനം തടയുവാൻ നമ്മെ സഹായിച്ചത്. മഴക്കാലത്തിന് മുമ്പായി കൊതുക് മുട്ടയിട്ട് വളരുവാൻ സാധ്യതയുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക, ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുക, കുടിവെള്ളസ്രോതസ്സുകളുടെ ശുചീകരണം, പൊതുസ്ഥലങ്ങളുടെ ശുചീകരണം തുടങ്ങിയവ അനുബന്ധ വകുപ്പുകളുടെ സഹകരണത്തോടെ പൊതുജന പങ്കാളിത്തം ഉറപ്പാക്കി മഴക്കാലത്തിന് മുമ്പായി ഏപ്രിൽ - മെയ് മാസങ്ങളിൽ നടത്തിയിട്ടുണ്ട്.

അപ്രതീക്ഷിതമായി ഉണ്ടാകുന്ന ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് ആരോഗ്യ സ്ഥാപനങ്ങളെയും ആരോഗ്യ പ്രവർത്തകരെയും ഇതിനോടകം സജ്ജമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ഇന്റർ സെക്റ്ററൽ കോർഡിനേഷൻ മീറ്റിങ്ങുകൾ പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിലും നടത്തി. ഏപ്രിലിൽ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ച് ഡ്രൈ കണ്ടെയ്നർ എലിമിനേഷൻ പ്രവർത്തനങ്ങൾ, മേയ് മാസത്തിൽ ശുചിത്വവാരാചരണം സംഘടിപ്പിച്ചു. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകന യോഗങ്ങളും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിയിരുന്നു.



മഹേഷ് പ്രഭു

തോട്ടങ്ങളിലും, നിർമ്മാണസ്ഥലങ്ങളിലും ശുചീകരണ, കൊതുകുറവിട നശീകരണപ്രവർത്തനങ്ങൾ, ഗാർഹിക /പൊതുസ്ഥല ഉറവിട നശീകരണപ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കി. നഗരപ്രദേശങ്ങളിൽ കൊതുക് വളരുന്ന സ്ഥലങ്ങൾ കണ്ടെത്തി ഡി. വി. സി യൂണിറ്റും നഗരസഭയുടെ ആരോഗ്യവിഭാഗവും ചേർന്ന് കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. അതിഥിത്തൊഴിലാളികളുടെ സ്ക്രീനിങ്ങിനായി മൊബൈൽ സ്ക്രീനിങ്ങ് ടീമും ഡി. വി. സി യൂണിറ്റും നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗ നിരീക്ഷണം ശക്തമാക്കുകയും, രോഗം സ്ഥിരീകരിക്കുന്നവർക്ക് ആവശ്യമായ ചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഈഡിസ് കൊതുകുകളുടെ ഉറവിട നശീകരണത്തിനായി ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുവാൻ ആഹ്വാനം നടത്തിയിരുന്നു. അത് തുടർന്നും നടന്നുവരുന്നു. സ്കൂളുകളിൽ വെള്ളിയാഴ്ചയും സ്ഥാപനങ്ങളിൽ ശനിയാഴ്ചയും വീടുകളിൽ ഞായറാഴ്ചയും ഡ്രൈ ഡേ ആചരിക്കുന്നു. ഇതോടൊപ്പം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി പുനഃസംഘടന, വാർഡ്തല ആരോഗ്യ ജാഗ്രത സമിതി

**നഗരപ്രദേശങ്ങളിൽ കൊതുക് വളരുന്ന സ്ഥലങ്ങൾ കണ്ടെത്തി ഡി. വി. സി യൂണിറ്റും നഗരസഭയുടെ ആരോഗ്യവിഭാഗവും ചേർന്ന് കൊതുക്നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു**



സിദ്ദിഖ് പരവൂർ

**സ്ഥിരമായി മണ്ണിലും വെള്ളത്തിലും ഇറങ്ങി പണിയെടുക്കുന്നവരിൽ മാത്രമല്ല എല്ലാ വിഭാഗം ജനങ്ങളിലും എലിപ്പനി കണ്ടുവരുന്നുണ്ട്**

യോഗങ്ങൾ, ഹെൽത്ത് സ്‌ക്വാഡ് രൂപീകരണം, ശുചിത്വ മാപ്പിങ്ങ്, വാർഡ് തല ആരോഗ്യ ജാഗ്രത കർമ്മപരിപാടി തയ്യാറാക്കൽ എന്നിവ നടത്തി ഹെൽത്ത് സ്‌ക്വാഡ് അംഗങ്ങൾ വീടുകളും, സ്ഥാപനങ്ങളും, പൊതുസ്ഥലങ്ങളും സന്ദർശിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുന്നു. നല്ല ആരോഗ്യശീലങ്ങൾ പാലിക്കുന്നതിനും പരിസര ശുചിത്വവും, ഭക്ഷണ ശുചിത്വവും ജലശുചിത്വവും ഉറപ്പു വരുത്തി പകർച്ചവ്യാധികൾ പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനുമുള്ള സന്ദേശങ്ങൾ ദൃശ്യ, ശ്രവ്യ, അച്ചടി, സാമൂഹിക മാധ്യമങ്ങളിലൂടെ വിപുലമായ രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

കനത്ത മഴയെ തുടർന്ന് ക്യാമ്പുകൾ ആരംഭിച്ച സാഹചര്യത്തിൽ പകർച്ചവ്യാധികൾ

ഒഴിവാക്കുന്നതിനുള്ള ജാഗ്രതാനിർദേശങ്ങൾ ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ട്.

## ചില പ്രധാന പകർച്ചവ്യാധികൾ

മഴക്കാല രോഗങ്ങളിൽ ഏറ്റവും ശ്രദ്ധിക്കേണ്ടത് കൊതുക്ജന്യ രോഗങ്ങളാണ്. ഇതിൽ തന്നെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് ഡെങ്കിപ്പനിയാണ്. ഇതോടൊപ്പം എലിപ്പനി, എച്ച് 1 എൻ 1 എന്നിവയും കൂടുതലായി കണ്ടുവരുന്നു. നേരത്തെ രോഗം തിരിച്ചറിയപ്പെടാതെ പോകുന്നതുകൊണ്ടാണ് പല രോഗികളും മരണമടയുന്നത്. കൃത്യസമയത്ത് രോഗനിർണ്ണയം നടത്തിയാൽ ഒഴിവാക്കാവുന്നതാണ് ഈ മരണങ്ങളെല്ലാം.

### ഡെങ്കിപ്പനി

ശുദ്ധജലത്തിൽ വളരുന്ന ഈഡിസ് കൊതുകുകൾ വഴിയാണ് ഡെങ്കിപ്പനി പകരുന്നത്. പെട്ടെന്നുണ്ടാകുന്ന തീവ്രമായ പനി, കടുത്ത തലവേദന, കണ്ണുകൾക്ക് പിന്നിലും പേശികളിലും സന്ധികളിലും വേദന, നെഞ്ചിലും മുഖത്തും ചുവന്ന തടിപ്പുകൾ, ഓക്കാനവും ഛർദിയും എന്നിവയാണ് ആരംഭത്തിൽ കാണുന്ന ലക്ഷണങ്ങൾ. രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ ഒഴിവാക്കി ഉടൻ തന്നെ ഡോക്ടറുടെ നിർദേശപ്രകാരം ചികിത്സ തേടേണ്ടതാണ്.

### എലിപ്പനി

എലിപ്പനി രോഗലക്ഷണങ്ങളായ കടുത്ത പനി, തലവേദന, ശരീരവേദന, കണ്ണിനു ചുവപ്പ്, വെളിച്ചത്തിലേക്ക് നോക്കാൻ പ്രയാസം എന്നിവ കണ്ടാൽ ഉടൻ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടുകയോ ആരോഗ്യപ്രവർത്തകരുമായി ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്. സ്ഥിരമായി മണ്ണിലും വെള്ളത്തിലും ഇറങ്ങി പണിയെടുക്കുന്നവരിൽ മാത്രമല്ല എല്ലാ വിഭാഗം ജനങ്ങളിലും എലിപ്പനി കണ്ടുവരുന്നുണ്ട്. വിനോദത്തിനായി മീൻപിടിക്കാൻ പോകുന്നവരിൽപ്പോലും എലിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ എലിപ്പനി വരാൻ സാധ്യതയുള്ള എല്ലാവരും പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ ഡോക്ടറുടെ നിർദേശപ്രകാരം കഴിക്കേണ്ടതാണെന്നും ആരോഗ്യ പ്രവർത്തകർ മുഖേന ജനങ്ങളിൽ അവബോധം സൃഷ്ടിച്ചിട്ടുണ്ട്.

### എച്ച് 1 എൻ 1

പനി, ജലദോഷം, ചുമ, തൊണ്ടവേദന, ശ്വാസതടസ്സം എന്നിവ എച്ച്1 എൻ1 രോഗത്തിന്റെ ലക്ഷണമാകാം. തുടക്കത്തിൽ തന്നെ ചികിത്സിക്കുകയാണെങ്കിൽ പ്രശ്നം ഗുരുതരമാകാതെ ശ്രദ്ധിക്കാൻ സാധിക്കും. ഈ ലക്ഷണങ്ങൾ പ്രത്യേകിച്ച് ഗർഭിണികൾ, പ്രായമായവർ, ചെറിയ കുട്ടികൾ, മറ്റേതെങ്കിലും രോഗമുള്ളവർ തുടങ്ങിയവരിൽ കണ്ടാൽ ഒട്ടും വൈകാതെ ചികിത്സ തേടണം. പലപ്പോഴും ഇങ്ങനെയുള്ള ലക്ഷണങ്ങൾ നിസ്സാരമായി തള്ളിക്കളയുകയും ചികിത്സ വൈകുകയും ചെയ്യുന്നതുകൊണ്ടാണ് അപകടാവസ്ഥയിൽ എത്തുന്നത്. രോഗബാധിതർ ഇളം ചൂടുള്ള കഞ്ഞിവെള്ളവും പാനീയങ്ങളും കുടിക്കുവാനും, പോഷകസമൃദ്ധമായ ആഹാരങ്ങൾ കഴിക്കുവാനും പൂർണ്ണവിശ്രമമെടുക്കുവാനും ശ്രദ്ധിക്കണം. പരമാവധി വീടിനുള്ളിൽ തന്നെ കഴിയുകയും സ്കൂൾ, ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും വേണം. കുട്ടികൾ, ഗർഭിണികൾ, വയോജനങ്ങൾ, അനുബന്ധ രോഗങ്ങൾ ഉള്ളവർ മാസ്ക് ഉപയോഗിക്കണം.

> **മഴക്കാല രോഗങ്ങളിൽ ഏറ്റവും ശ്രദ്ധിക്കേണ്ടത് കൊതുക്ജന്യ രോഗങ്ങളാണ്. ഇതിൽതന്നെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് ഡെങ്കിപ്പനിയാണ്. ഇതോടൊപ്പം എലിപ്പനി, എച്ച് 1 എൻ 1 എന്നിവയും കൂടുതലായി കണ്ടുവരുന്നു**

### മഞ്ഞപ്പിത്തം

കുളങ്ങളിൽ നിന്നുള്ള മലിന ജലത്തിലൂടെയും ഹോട്ടലുകളിലും വിവാഹസൽക്കാരങ്ങളിലും മറ്റും ശീതള പാനീയങ്ങളിൽ ഉപയോഗിക്കുന്ന കൊമേർഷ്യൽ ഐസിലൂടെയും സെപ്റ്റിക് ടാങ്കുകളിലെ ചോർച്ച മുഖേന കിണറുകളിലെ വെള്ളം മലിനമാകുന്നതിലൂടെയുമാണ് മഞ്ഞപ്പിത്തം പ്രധാനമായും പടർന്നു പിടിക്കുന്നത്.
അസുഖ ബാധിതർ ധാരാളം വെള്ളം കുടിക്കുകയും, കൊഴുപ്പില്ലാത്ത ഭക്ഷണം കഴിക്കുകയും വിശ്രമിക്കുകയും ചെയ്യണം. പ്രത്യേകിച്ച് ചികിത്സകളില്ലാത്ത ഈ അസുഖം വിശ്രമത്തിലൂടെ ഒന്നരമാസം കൊണ്ട് പൂർണ്ണമായും ഭേദമാകും. മഞ്ഞപ്പിത്തത്തിനെതിരെ പ്രതിരോധ കുത്തിവെയ്പ്പ് ലഭ്യമാണ്. ■

# ആയുർവേദചര്യയിൽ ആരോഗ്യസംരക്ഷണം

**മഴക്കാല രോഗങ്ങളെ നേരിടുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനും രോഗശമനം വരുത്തുന്നതിനുമുള്ള ഫലപ്രദമായ ഇടപെടലിന് ഉയർന്ന മുൻഗണനയാണ് ഭാരതീയചികിത്സാവകുപ്പ് നൽകുന്നത്**



**ഡോ. കെ. എസ്. പ്രീയ**
ഡയറക്ടർ, ഭാരതീയചികിത്സാവകുപ്പ്

പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രിക്കുന്നതിനും ചികിത്സയ്ക്കുമായി എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഭാരതീയചികിത്സാവകുപ്പ് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി. എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും പ്രതിരോധ ചികിത്സാമരുന്നുകൾ കൃത്യമായി എത്തിക്കുകയും മരുന്നുക്ഷാമമില്ലെന്ന് ഉറപ്പാക്കുകയും ചെയ്തു. ഓരോ സ്ഥലത്തിന്റെയും പ്രത്യേക സാഹചര്യം മനസ്സിലാക്കി അത് നേരിടുന്നതിനുള്ള ഫലപ്രദമായ പ്രവർത്തനങ്ങളാണ് നിർവഹിച്ചുവരുന്നത്.

## പകർച്ചവ്യാധി പ്രതിരോധത്തിനായി പ്രത്യേക സെൽ

പകർച്ചവ്യാധി പ്രതിരോധത്തിനായി എല്ലാ ജില്ലകളിലും ജില്ലാതല സെല്ലും നിയമസഭ നിയോജകമണ്ഡലതല സെല്ലും പ്രവർത്തിക്കുന്നു. ഏതെങ്കിലും പ്രത്യേക സ്ഥലങ്ങളിൽ കൂടുതലായി പകർച്ചവ്യാധി റിപ്പോർട്ട് ചെയ്യുന്ന പക്ഷം അതത് നിയോജക

## ആയുർ രീതി

### ആഹാരത്തിൽ ശ്രദ്ധിക്കേണ്ടവ

- തണുത്തതും പഴകിയതും ദഹിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഭക്ഷണം ഒഴിവാക്കുക
- പച്ചക്കറികളും പഴവർഗങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുക
- ചുക്ക്, കുരുമുളക്, കറിവേപ്പില, മഞ്ഞൾ, വെളുത്തുള്ളി എന്നീ ദഹനത്തെ സഹായിക്കുന്ന പദാർഥങ്ങൾ ചേർത്ത് മാംസാഹാരം പാചകം ചെയ്യുക
- മുതിര, ചെറുപയർ എന്നീ പയറുവർഗങ്ങളുടെ സൂപ്പുകൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക
- യവം, തിന, ചാമ എന്നീ തൃണധാന്യങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക
- പയറുവർഗങ്ങളുടെ സൂപ്പുകളും, തൃണധാന്യങ്ങളും പ്രമേഹരോഗികൾക്ക് കൂടുതൽ ഫലപ്രദമാണ്.
- രാത്രികാലങ്ങളിൽ സൂര്യാസ്തമയത്തിന് രണ്ടുമണിക്കൂറിനുള്ളിൽ എളുപ്പം ദഹിക്കുന്ന ആഹാരം മാത്രം കഴിക്കുക.
- പാനീയങ്ങൾ തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.
- ആയുർവേദ ഔഷധങ്ങൾ ഇട്ട് തിളപ്പിച്ച കുടിവെള്ളം കൂടുതൽ ഫലപ്രദമാണ്. ഇതിനായി ചുക്ക്, മല്ലി, ഷഡംഗം, പഞ്ചകോലം എന്നിവ ഉപയോഗിക്കാവുന്നതാണ്.
- അധികം തണുത്ത പഴച്ചാറുകൾ ഒഴിവാക്കുക.
- ചുക്ക്, മല്ലി, കരിപ്പെട്ടി ശർക്കര, പേരയില, പനിക്കൂർക്ക, തുളസിയില ഇവ ചേർത്ത ഔഷധക്കാപ്പി ഉപയോഗിക്കുക.

### വ്യക്തിശുചിത്വം പരിസരശുചിത്വം

- അണുനശീകരണത്തിനും കൊതുകുകളെ അകറ്റിനിർത്തുന്നതിനും ധൂപനങ്ങൾ ശീലമാക്കുക. ഇതിനായി കുന്തിരിക്കം, വയമ്പ, അകിൽ, ഗുല്ഗുലു, തുളസിയില, തുമ്പയില, അപരാജിത ധൂമചൂർണ്ണം എന്നിവ ഉപയോഗിക്കാവുന്നതാണ്.
- ദേഹത്ത് കൊതുകുകടി ഏൽക്കുന്നത് തടയുന്നതിനായി തുളസിയില, പനികൂർക്ക എന്നിവയുടെ നീരുകളോ കർപ്പൂരാദി തൈലം എന്നിവയോ ഉപയോഗിക്കാവുന്നതാണ്.
- മലിനജലത്തിലിറങ്ങിയ ശേഷവും, രാത്രികാലങ്ങളിലും, കാലുകളിൽ മുറിവുകൾ ഉണ്ടെങ്കിലും പടിക്കാരം (പൊരിക്കാരം) ഇട്ടു തിളപ്പിച്ച വെള്ളം കൊണ്ട് കഴുകുന്നത് ശീലമാക്കുക.



മണ്ഡലതല സെല്ലുകൾ മുഖേന കാര്യക്ഷമമായ പ്രവർത്തനം നടത്തിവരുന്നു.

## പ്രായമായവരും കുട്ടികളും

സാംക്രമിക രോഗങ്ങൾ കൂടുതൽ ബാധിക്കുവാനും സങ്കീർണ്ണമാകുവാനും സാധ്യതയുള്ളത് പ്രായമായുള്ളവരെയും കുട്ടികളെയുമാണ്. ഇവരുടെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ നൽകി അവരുടെ രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനുള്ള മരുന്നുകളാണ് നൽകുന്നത്.

## ഡെങ്കിപ്പനി, എലിപ്പനി

ഡെങ്കിപ്പനി, എലിപ്പനി എന്നിവ പലഭാഗങ്ങളിലും കണ്ടുവരുന്ന സാഹചര്യത്തിൽ ഭാരതീയചികിത്സാവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. ഡെങ്കിപ്പനി, എലിപ്പനി എന്നിവക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള വാർഡുകളിൽ കൊതുകിലൂടെ പനി പടരുന്നത് തടയുന്നതിനായി ധൂപന ചൂർണ്ണങ്ങളും (അപരാജിത ധൂപചൂർണ്ണം) പനി പ്രതിരോധൗഷധങ്ങളും നൽകിവരുന്നു.

പനി ബാധിച്ചവർ സ്വയംചികിത്സയ്ക്ക് നിൽക്കാതെ തൊട്ടടുത്ത സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ/ ആശുപത്രിയിൽ ചികിത്സ തേടേണ്ടതാണ്.

## അവബോധം

ആരോഗ്യസംരക്ഷണത്തിന് വ്യക്തിഗത ശുചിത്വവും സാമൂഹികശുചിത്വവും പാലിക്കേണ്ട ആവശ്യകതയെക്കുറിച്ചും ആരോഗ്യജീവിതത്തിന് ആയുർവേദ മാർഗങ്ങൾ ഫലപ്രദമാണെന്ന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ബോധവൽക്കരണ ക്ലാസ്സുകൾ, ട്രെയിനിങ്ങുകൾ എന്നിവയും നൽകുന്നുണ്ട്

പകർച്ചവ്യാധി പ്രതിരോധത്തിന് പോസ്റ്ററുകളിലൂടെയും ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ മാതൃകകളിലൂടെയും കൂടുതൽ അവബോധം സൃഷ്ടിക്കാൻ ഭാരതീയചികിത്സാ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും വിവിധ സ്ഥാപനങ്ങളിലും ഇവ പ്രദർശിപ്പിക്കുന്നതിലൂടെ കൂടുതൽ ആൾക്കാരിൽ രോഗപ്രതിരോധത്തിന്റെ സന്ദേശം എത്തിക്കാൻ കഴിഞ്ഞു. ■

# മഴക്കാലരോഗങ്ങൾ ഹോമിയോപ്പതി സുസജ്ജം



**ഡോ. എം.എൻ. വിജയാംബിക**
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്

അലോപ്പതി, ആയുർവേദ വിഭാഗങ്ങളിലേതുപോലെ പകർച്ച വ്യാധികൾ പ്രതിരോധിക്കുന്നതിനു ഹോമിയോപ്പതി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ എല്ലാവിധ മുന്നൊരുക്കങ്ങളും നടപടികളും സ്വീകരിച്ചു.

## ദ്രുതകർമ്മ സാംക്രമിക രോഗനിയന്ത്രണ സെൽ

ഹോമിയോപ്പതി വകുപ്പിന്റെ പകർച്ചവ്യാധി നിയന്ത്രണങ്ങൾ മുഴുവൻ ദ്രുത കർമ്മ സാംക്രമികരോഗ നിയന്ത്രണ സെൽ (RAECH) ന്റെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

സംസ്ഥാനത്തിന്റെ ഏതെങ്കിലും പ്രദേശത്തു പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്താൽ പ്രതിരോധ മരുന്ന് വിതരണം, മെഡിക്കൽ ക്യാമ്പുകൾ, സെമിനാറുകൾ ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കുന്നത് റീച്ചിന്റെ ആഭിമുഖ്യത്തിലാണ്.

ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും പകർച്ചപ്പനി അടക്കമുള്ള മഴക്കാലരോഗങ്ങളുടെ വ്യാപനം തടയുന്നതിനും, വേണ്ടുന്ന പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിനും നിർദേശങ്ങൾ നൽകുകയും, അതു പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയും

## മഴക്കാല രോഗപ്രതിരോധം – ഹോമിയോപ്പതി സമീപനം

**പ്രധാനമായും രണ്ടു രീതിയിലാണ് ഹോമിയോപ്പതി മഴക്കാല രോഗങ്ങളുടെ പ്രതിരോധം സാധ്യമാക്കുന്നത്**

1. ചിട്ടയായ ജീവിതക്രമം പാലിക്കുകവഴി രോഗപ്രതിരോധ ശേഷി സംരക്ഷിച്ചുകൊണ്ട് രോഗപ്പകർച്ചയ്ക്കുള്ള സാധ്യത പരിമിതപ്പെടുത്തുക
2. ഔഷധങ്ങളുടെ സഹായത്തോടെ പ്രതിരോധശേഷിയെ ഉദ്ദീപിപ്പിക്കുകവഴി പകർച്ചവ്യാധികൾ തടയുക.

വൃത്തിയുള്ളതും പോഷക മൂല്യമുള്ളതുമായ ലളിതമായ ആഹാരരീതിയാണ് ഹോമിയോപ്പതി പ്രോത്സാഹിപ്പിക്കുന്നത്. കൊഴുപ്പ്, മധുരം, പുളിരസം, എന്നിവ കുറഞ്ഞ, സുഗന്ധവ്യഞ്ജനങ്ങൾ/ മസാലകൾ അധികമായി ചേർക്കാത്ത ആഹാരങ്ങൾ തെരഞ്ഞെടുക്കുന്നത് ആരോഗ്യകരമാണ്. പഴകിയ ആഹാരവസ്തുക്കൾ, കാപ്പി, ചായ, മദ്യം, മറ്റ് ലഹരിവസ്തുക്കൾ എന്നിവ ഒഴിവാക്കാവുന്നതാണ്. ശുദ്ധമായ വെള്ളം കുടിക്കുക. ചിട്ടയായ വ്യായാമം, വിശ്രമം/ ഉറക്കം എന്നിവയ്ക്കും രോഗപ്രതിരോധശേഷി നിലനിർത്തുന്നതിൽ പ്രധാന പങ്കുണ്ട്.

മഴക്കാല രോഗങ്ങളുടെ ലക്ഷണങ്ങൾക്കനുസരിച്ച് വിവിധതരം ഹോമിയോപ്പതി ഔഷധങ്ങൾ ഉപയോഗിക്കുന്നതിൽ റഹസ് ടോക്സ്, ആർസ് ആൽബ്, യൂപറ്റോറിയം, ഫെറം ഫോസ്, സിൻകോണ മുതലായ മരുന്നുകൾ പ്രധാനമാണ്. ഏതൊരു രോഗത്തേയും പോലെതന്നെ മഴക്കാല രോഗങ്ങൾക്കും കൃത്യമായ രോഗനിർണ്ണയം നടത്തേണ്ടത് അത്യാവശ്യമാണ്. സ്വയം ചികിത്സ പാടില്ല. ഹോമിയോപ്പതി സേവനങ്ങൾക്കായി അംഗീകൃത ഡോക്ടർമാരെ/സ്ഥാപനങ്ങളെ മാത്രം സമീപിക്കുക. ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും നിർദേശങ്ങൾ പാലിക്കുക.



**പ്രതിരോധ മരുന്നുകൾ എല്ലാ സർക്കാർ ഹോമിയോ ആശുപത്രികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്**

ചെയ്തുപോരുന്നു.

റീച്ചിന്റെ ജില്ലാതല വിദഗ്ധസമിതി (DLEG), ജില്ലയിലെ വിവിധ ഇടങ്ങളിൽ വ്യാപിക്കുന്ന ഡെങ്കിക്കേസുകൾ, മറ്റു വൈറൽ പനികൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ച് ഇവയെ ചെറുക്കാനുള്ള പ്രതിരോധ മരുന്നുകൾ നിശ്ചയിക്കുകയും ഇതിന് സംസ്ഥാനതല വിദഗ്ധസമിതിയുടെ അംഗീകാരം നേടുകയും ചെയ്യുന്നു. നിശ്ചയിച്ച ഹോമിയോപ്പതി പ്രതിരോധ മരുന്ന് (Genus epidemics) കഴിക്കേണ്ട വിധവും എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും വകുപ്പിലെ എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നിർദേശങ്ങളും കൈമാറിയിട്ടുണ്ട്.

## പനി ക്ലിനിക്കുകൾ


ജില്ലാആശുപത്രി കേന്ദ്രീകരിച്ച് പ്രത്യേകം സജ്ജമാക്കിയ പനി ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ സർക്കാർ/ എൻ.എച്ച്.എം ഹോമിയോപ്പതി ഡിസ്പെൻസറികളും പകർച്ചപ്പനി ചികിത്സിക്കുന്നതിനു സുസജ്ജമാക്കി യിട്ടുണ്ട്. പ്രതിരോധ മരുന്നുകൾ എല്ലാ സർക്കാർ ഹോമിയോ ആശുപത്രികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതോടൊപ്പം ഇപ്പോൾ കണ്ടുവരുന്ന പകർച്ചപ്പനികളെക്കുറിച്ചും അവയ്ക്ക് എങ്ങനെ ചികിത്സ തേടണം, അവയുടെ വ്യാപനം തടയുന്നതിന് എടുക്കേണ്ട മുൻകരുതലുകൾ എന്തൊക്കെ എന്നിവയെക്കുറിച്ച് ജനങ്ങളുടെ അറിവിലേക്കായി ലഘുലേഖകൾ വിതരണം ചെയ്യുകയും ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. റീച്ചിന്റെ നേതൃത്വത്തിൽ പനിബാധിത പ്രദേശങ്ങളിൽ ആവശ്യാനുസരണം മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.■




# കുട്ടികളും കുടുംബങ്ങളും പങ്കാളികൾ

## ഉറവിടമാലിന്യം സംസ്കരിക്കാം ; സമ്മാനങ്ങൾ നേടാം



പകർച്ചരോഗങ്ങളുടെ വ്യാപനം തടയാൻ കൂടുതൽ ഇടപെടലുകൾ നടത്തുകയാണ് ആരോഗ്യവകുപ്പ്. വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കി കുടുംബങ്ങളുടെ പിന്തുണയോടെ രോഗങ്ങൾ പടരുന്നത് നിയന്ത്രിക്കുന്ന രീതിയാണ് പിന്തുടരുന്നത്. അവബോധം സൃഷ്ടിക്കുന്നതിലുപരിയായി ക്രിയാത്മക ഇടപെടൽ നടത്തിയുള്ള ശാസ്ത്രീയ രോഗപ്രതിരോധമാർഗങ്ങളാണ് പ്രാവർത്തികമാക്കുക.

വിദ്യാർഥികളെ മുന്നണിയിലേക്ക് എത്തിക്കുന്നതുവഴി ഓരോ കുടുംബത്തിന്റെയും സജീവമായ ഇടപെടലാണ് പ്രതീക്ഷിക്കുന്നത്. ഉറവിടത്തിൽ മാലിന്യം ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനത്തിനാണ് പ്രാമുഖ്യം. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതുവഴി

രോഗവാഹകരായ കൊതുകുകൾ പെരുകുന്നത് തടയാനാകും. അതിനാണ് കുട്ടികളുടെ കൃത്യമായ ഇടപെടൽ ആവശ്യമായി വരുന്നത്.

അവരവരുടെ വീടും പരിസരവും ഉറവിട മുക്തമാക്കുന്നതാണ് ലക്ഷ്യം. എല്ലാ ഞായറാഴ്ചകളിലും ഉറവിടനശീകരണ പ്രവർത്തനങ്ങൾ വീടുകളിൽ ശാസ്ത്രീയമായി നടപ്പാക്കി 'ഡ്രൈ ഡേ' ആചരണം ശക്തിപ്പെടുത്തും. ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഓരോ ആഴ്ചയിലും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും അനുബന്ധപ്രക്രിയകളും അടങ്ങുന്ന ചെക്ക് ലിസ്റ്റ് എല്ലാ കുട്ടികൾക്കും നൽകുകയാണ്. രക്ഷിതാക്കളും പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.

അധ്യാപകരുടെയും വിദഗ്ധസമിതിയുടെയും വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച പ്രവർത്തകരെ ഉപജില്ല/ബ്ലോക്ക് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കും. ജില്ല അടിസ്ഥാനത്തിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്ന സ്കൂളുകൾക്കും കുട്ടികൾക്കും ക്യാഷ് അവാർഡ്, പ്രശംസാപത്രം, ട്രോഫി എന്നിവ സമ്മാനിക്കും. ആരോഗ്യപ്രവർത്തകർ വിദ്യാലയങ്ങളിലെത്തി ക്ലാസുകളും നയിക്കും.







## ഡ്രൈ ഡേ ആചരണം

ആഴ്ചയിലൊരിക്കൽ വീടുകളിലും സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും പരിസരത്തും കൊതുകുകൾ വളരാൻ സാധ്യതയുള്ള ഉറവിടങ്ങൾ കണ്ടെത്തി നീക്കം ചെയ്യുകയോ നശിപ്പിക്കുകയോ ചെയ്യുന്നതാണ് ഡ്രൈ ഡേ ആചരണം.
എല്ലാ വെള്ളിയാഴ്ചകളിൽ-വിദ്യാലയങ്ങളിലും
ശനിയാഴ്ചകളിൽ-സ്ഥാപനങ്ങളിലും
ഞായറാഴ്ചകളിൽ- വീടുകളിലുമായാണ്
ഡ്രൈ ഡേ ആചരണം.


## കൊതുക് വളരാൻ സാധ്യതയുള്ള ഉറവിടങ്ങൾ



മുറ്റത്തോ പരിസരത്തോ കെട്ടിടത്തിനുള്ളിലോ വെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുള്ള വസ്തുക്കളും ഉപകരണങ്ങളും മാലിന്യങ്ങളുമെല്ലാം കൊതുകുകൾക്ക് മുട്ടയിട്ട് പെരുകാനുള്ള സാഹചര്യമൊരുക്കുന്നു. ഒരു സ്പൂൺ വെള്ളത്തിൽപ്പോലും കൊതുക് മുട്ടയിട്ട് പെരുകും. മുട്ടത്തോട്, ചിരട്ട, കമുകിൻ പാള, തുറന്ന കുപ്പി, പ്ലാസ്റ്റിക് വസ്തുക്കൾ, കളിപ്പാട്ടങ്ങൾ, ടയറുകൾ, ചെടിച്ചട്ടികൾ, വെള്ളം ശേഖരിച്ച പാത്രങ്ങൾ, തുറന്ന ടാങ്കുകൾ, വെള്ളം ഒഴുകിപ്പോകാത്ത ടെറസ്സുകൾ, സൺഷേഡ്, പാത്തികൾ, ഫ്രിഡ്ജ്, എ. സി, കൂളർ തുടങ്ങിയവയുടെ അടിയിലും പിറകിലുമുള്ള ട്രേ എന്നിങ്ങനെ വീടും പരിസരവും നിരീക്ഷിച്ചാൽ വെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുള്ള ഉറവിടങ്ങൾ കുട്ടികൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും രക്ഷിതാക്കളുടെ സഹായത്തോടെ നശീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുകയാണ് പ്രധാനം. ■

# ജാഗ്രതയോടെ ദുരന്തനിവാരണ സംവിധാനം

**മഴക്കെടുതിയുടെ ദുരിതങ്ങൾ ലഘൂകരിക്കുന്നതിനുള്ള ശാസ്ത്രീയ നടപടികളാണ് സംസ്ഥാനത്ത് ദുരന്തനിവാരണ അതോറിറ്റി സ്വീകരിക്കുന്നത്.**



**ജി. എസ്. പ്രദീപ്**
ഹസാർഡ് ആൻഡ് റിസ്ക് അനലിസ്റ്റ് –
സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

കേരളത്തിൽ വർഷത്തിലുടനീളം മഴ ലഭിക്കുന്നുണ്ടെങ്കിലും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള ഇടവപ്പാതിയും (തെക്ക്-പടിഞ്ഞാറൻ കാലവർഷം) ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള തുലാവർഷവും (വടക്ക്-കിഴക്ക് കാലവർഷം) ആണ് കേരളത്തിൽ മഴക്കാലമായി കണക്കാക്കുന്നത്. ഇടവപ്പാതിയിൽ വടക്കൻ കേരളത്തിനാണ് കൂടുതൽ മഴ ലഭിക്കുന്നതെങ്കിൽ തുലാവർഷം ഏറ്റവും കൂടുതൽ പെയ്തിറങ്ങാറുള്ളത് തെക്കൻ കേരളത്തിലാണ്.

കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ പ്രവചനങ്ങൾ കണക്കിലെടുത്താണ് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും രൂപം നൽകുന്നത്. ജില്ലാതലത്തിൽ പ്രതീക്ഷിക്കാവുന്ന മഴയുടെ തീവ്രതക്കനുസരിച്ച് പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് നിറങ്ങളിലായി മഴ മുന്നറിയിപ്പുകൾ നൽകുന്നു. ഈ സൂചനകൾ അനുസരിച്ചാണ് വിവിധ തയ്യാറെടുപ്പുകൾ.

മഞ്ഞ, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചു കഴിഞ്ഞാൽ കരുതലും ജാഗ്രതയും പ്രധാനമാണ്. കർശന സുരക്ഷാനടപടി സ്വീകരിക്കേണ്ട അപകടസൂചനാസന്ദേശമാണ് ചുവപ്പ് അലർട്ട്.

ഏപ്രിൽ-മെയ് മാസങ്ങളിൽ വേനൽ മഴയോടനുബന്ധിച്ചും തുലാവർഷകാലത്തുമാണ് ഇടിയോട് കൂടിയ മഴയുടെ മുന്നറിയിപ്പ്. അറിയിപ്പ് ലഭിച്ചാലുടൻ ഇടിമിന്നലിൽ നിന്ന് സുരക്ഷ നേടാനുള്ള നിർദേശങ്ങൾ ദുരന്തനിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്നു.

കാലവർഷത്തിൽ കേരളം നേരിടുന്ന പ്രധാന ദുരന്തസാധ്യതകൾ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവയാണ്.

> **ആപ്ദാമിത്രപദ്ധതി പ്രകാരം കേരളത്തിൽ 4500 സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അഗ്നിശമനവകുപ്പിന് കീഴിൽ ആറായിരത്തിഅഞ്ഞൂറോളം സിവിൽ ഡിഫൻസ് പ്രവർത്തകർ ഉണ്ട്. സന്നദ്ധസേന ഡയറക്ടറേറ്റിന് കീഴിൽ ഒരുലക്ഷത്തോളം സന്നദ്ധപ്രവർത്തകരും. പൊതുജനപങ്കാളിത്തം ഉറപ്പാക്കാൻ, വിവിധ സന്നദ്ധസംഘടനകളെ ഉൾപ്പെടുത്തി ഇന്റർ ഏജൻസി ഗ്രൂപ്പിന് ജില്ലാ-സംസ്ഥാന തലങ്ങളിൽ രൂപം നൽകിയിട്ടുണ്ട്.**

തീരദേശമേഖലകളിൽ വെള്ളപ്പൊക്കത്തോടൊപ്പം കടലാക്രമണവും പ്രതീക്ഷിയ്ക്കാം. മഴക്കാലജന്യരോഗങ്ങളും മറ്റനുബന്ധപ്രശ്നങ്ങളും കരുതലോടെ കൈകാര്യം ചെയ്തുവരുന്നു.

## അതോറിറ്റിയുടെ മൺസൂൺ തയ്യാറെടുപ്പ്

കാലവർഷാരംഭത്തിന് വളരെ മുൻപ് തന്നെ മഴക്കാല തയാറെടുപ്പ് പ്രവർത്തനങ്ങൾ വിശകലനം ചെയ്യാനും ബന്ധപ്പെട്ട എല്ലാവകുപ്പുകൾക്കും പ്രതിരോധപ്രവർത്തനങ്ങളുടെ നിർദേശം നൽകുവാനും ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ കൂടിയായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മൺസൂൺ മുന്നൊരുക്ക പ്രവർത്തനയോഗം ചേർന്നു. പഞ്ചായത്ത് തലത്തിലുള്ള ദുരന്തസാധ്യതാവിശകലനം, ജില്ലാ/സംസ്ഥാന/വകുപ്പ്തല ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കൽ, ദുരന്ത പ്രതികരണത്തിൽ പൊതുജനങ്ങളെ പ്രാപ്തരാക്കുവാൻ പ്രാദേശിക സന്നദ്ധസേന കളെ പരിശീലിപ്പിക്കൽ എന്നിങ്ങനെയുള്ള മറ്റു പ്രധാനപ്രവർത്തനങ്ങളും തയ്യാറെടുപ്പുകളും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഭാഗത്ത് നിന്നുമുണ്ടാകും. തദ്ദേശസ്ഥാപനങ്ങളെ ദുരന്തനിവാരണത്തിൽ പ്രാപ്തരാക്കുവാൻ പഞ്ചായത്ത് ദുരന്തനിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്.

ജില്ലകളിലെ മഴക്കാല തയ്യാറെടുപ്പ് പ്രവർത്തനങ്ങളുടെ അവലോകനം ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെയോ ജില്ലാ കലക്ടർമാരുടെയോ നേതൃത്വത്തിൽ നടത്തി.

ജില്ലാടിസ്ഥാനത്തിൽ ദുരന്തസാധ്യത വിലയിരുത്തുന്നതിനും ജില്ലാ ദുരന്തനിവാരണഅതോറിറ്റിയെ സഹായിക്കുന്നതിനുമായി എല്ലാജില്ലകളിലും ഹസാഡ് അനലിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ സ്ഥിരം സംവിധാനമായി പ്രവർത്തിക്കുന്ന അടിയന്തരഘട്ട ദുരന്തപ്രതികരണ കേന്ദ്രങ്ങളും വില്ലേജ്/പഞ്ചായത്ത്തലങ്ങളിൽ താൽക്കാലിക കൺട്രോൾ റൂമുകളും സജ്ജമാണ്.

> **മുന്നറിയിപ്പുകൾക്ക്: സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, ഫേസ്ബുക്ക്, ട്വിറ്റർ പേജുകൾ അടിയന്തരസഹായം ലഭിക്കാൻ 1079, 1070, 1077 ടോൾഫ്രീനമ്പറുകൾ**

## മുന്നറിയിപ്പ് സംവിധാനം

വിവിധ കാലാവസ്ഥാഏജൻസികളുടെ വിവരങ്ങൾ ശേഖരിച്ച് സംസ്ഥാനദുരന്തനിവാരണ അതോറിറ്റി മലയാളത്തിലും ഇംഗ്ലീഷിലും ക്രോഡീകരിച്ച് ഭൂപടം ഉൾപ്പെടുത്തി, എല്ലാ ബന്ധപ്പെട്ട വകുപ്പുകൾക്കും, മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും പൊതുജനങ്ങൾക്കും വിവിധ മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നു.

കേന്ദ്ര കാലാവസ്ഥാവകുപ്പ് റെഡ്അലർട്ട് പ്രഖ്യാപിക്കുമ്പോൾ സംസ്ഥാന/ജില്ല/താലൂക്ക്തലങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, സേനകളുടെ പ്രതിനിധി എന്നിവരുൾപ്പെടുന്ന എമർജൻസി ഓപ്പറേഷൻ സെന്റർ നിലവിൽ വരുന്നു. അടിയന്തര സാഹചര്യത്തെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാവകുപ്പുകൾക്കും ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (IRS) പരിശീലനം നൽകി.

കേരളത്തിലെ പ്രധാന അണക്കെട്ടുകളുടെ തൽസ്ഥിതി/അലർട്ട് ഉള്ള ഡാമുകളുടെ വിവരങ്ങൾ എന്നിവ എല്ലാദിവസവും പ്രസിദ്ധീകരിക്കുന്നു. അലർട്ട് നിലനിൽക്കുന്ന ഡാമുകളുടെ നദീതീരങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് പ്രത്യേകം ജാഗ്രതാനിർദേശം നൽകുന്നു.

വർഷകാലത്ത് ജില്ലാദുരന്തനിവാരണ അതോറിറ്റികൾ ദുരന്തസാധ്യതാമേഖലകൾ കേന്ദ്രീകരിച്ച് സ്ഥിരമായോ/താൽക്കാലികമായോ ദുരിതാശ്വാസക്യാമ്പുകൾ തുറക്കുന്നു. ദുരിതബാധിതർക്കുള്ള ഭക്ഷണം, കുടിവെള്ളം മുതലായവ ഒരുക്കുകയും ക്യാമ്പുകളിൽ അടിസ്ഥാനസൗകര്യം ഉറപ്പാക്കുകയും ചെയ്യുന്നു. വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രങ്ങൾ തീരദേശ ജില്ലകളിലായി 15 എണ്ണം പ്രവർത്തനസജ്ജമാണ്.

തീവ്ര കാലാവസ്ഥാപ്രതിഭാസങ്ങൾ നിരന്തരമാകുന്ന സാഹചര്യത്തിൽ ഭയപ്പാടില്ലാതെ ജാഗ്രതയോടെ ശാസ്ത്രീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏകോപനത്തോടെ സുരക്ഷ ഒരുക്കുകയാണ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി.■

# തുടച്ചുനീക്കാൻ മാതൃകയാകാൻ കേരളം

**കുട്ടികളുടെ ആയുസ്സിന് ഭീഷണിയാകുന്ന മീസിൽസ്–റൂബെല്ല നിർമ്മാർജ്ജനത്തിനുള്ള ദൃഢനിശ്ചയത്തിലാണ് സംസ്ഥാനം. ആരോഗ്യവകുപ്പ് മുൻകൈയെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുന്നതോടെ രാജ്യത്തിനു തന്നെ മാതൃകയായി മാറും കേരളം**



**ഡോ. യു. ആർ. രാഹുൽ**
സംസ്ഥാന നോഡൽ ഓഫീസർ– ശിശുരോഗ വിഭാഗം

ലോകമെമ്പാടും 2021 ൽ പോലും ഒരു ലക്ഷത്തിൽ കൂടുതൽ മരണങ്ങൾ. ഭൂരിപക്ഷം അഞ്ചു വയസ്സിന് താഴെ ഉള്ള കുട്ടികൾ. ഇന്ത്യയിൽ 2022 ൽ 200 ൽ അധികം മരണങ്ങൾ. ഇക്കൊല്ലം 180 ഓളവും.

സൗജന്യമായി ലഭിക്കുന്ന പ്രതിരോധ കുത്തിവയ്പ്പ് പൂർണ്ണ സംരക്ഷണം ഉറപ്പാക്കുന്ന അഞ്ചാംപനി കേരളത്തിലും 1200 ൽ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതീവജാഗ്രതയോടെ രോഗനിർമ്മാർജനത്തിനുള്ള ചുവടുവയ്പ്പ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്നതിന്റെ പശ്ചാത്തലമാണിത്.

## വെറും പനി അല്ല

സാധാരണ കുട്ടികൾക്ക് 'വന്നു പോകുന്ന' പനി അല്ല മീസിൽസ് എന്ന അഞ്ചാം പനി. ന്യുമോണിയ, മസ്തിഷ്കജ്വരം, കാഴ്ചക്കുറവ്, വയറിളക്കം തുടങ്ങി മരണകാരണം ആയേക്കാവുന്ന സങ്കീർണ്ണതകൾ ഈ വൈറസ് രോഗത്തിനുണ്ട്.

## ലക്ഷണങ്ങൾ

പനി, ചുമ, ജലദോഷം, കണ്ണിക്കേട് (കണ്ണിന് ചുവപ്പ് ) ആണ് തുടക്കം. ഏതാണ്ട് അഞ്ചാം ദിവസം മുഖത്ത് തുടങ്ങി ദേഹമാസകലം ചുവന്ന, തിണർത്ത, ചൂടുകുരു പോലെ ഉള്ള പാടുകൾ പ്രത്യക്ഷമാകും. തുടർന്ന് രോഗം ശക്തിപ്രാപിച്ചു സങ്കീർണ്ണത കളിലേക്ക് പോകാം, അല്ലെങ്കിൽ മാറാം. അഞ്ചാം പനി (പ്രാദേശികമായി മണൽ, ചപ്പട്ട, പൊങ്ങൻപനി ഇങ്ങനെ മറ്റ് പേരുകളും ഉണ്ട്) വന്നുപോയി ഏതാനും മാസങ്ങളിൽ പ്രതിരോധ ശക്തി കുറയുന്നു. മറ്റു രോഗാണുക്കൾ കൊണ്ടുള്ള



ന്യൂമോണിയ തുടങ്ങിയ അസുഖങ്ങൾ എളുപ്പത്തിൽ കടന്നുപിടിക്കുന്ന സാഹചര്യമാണിത്.

## ചികിത്സ

പനി, വയറിളക്കം കൊണ്ടുള്ള നിർജലീകരണം എന്നിവയ്ക്കുള്ള സാധാരണ ചികിത്സയ്ക്ക് പുറമെ വിറ്റാമിൻ എ കൊടുക്കുന്നത് രോഗസങ്കീർണ്ണതകളെ ഒഴിവാക്കാൻ സഹായകമാണ്. ശ്വാസതടസ്സം അനുഭവപ്പെടുന്ന രോഗികൾക്ക് ഓക്സിജൻ, വെന്റിലേറ്റർ സഹായം വേണ്ടിവരും.

## റൂബെല്ല

അഞ്ചാംപനിക്ക് സമാനമായ ലക്ഷണങ്ങൾ ഉള്ള, താരതമ്യേന സങ്കീർണ്ണതകളും മരണനിരക്കും കുറവുള്ള അസുഖമാണ് റൂബെല്ല അഥവാ ജർമ്മൻ മീസിൽസ്. എന്നാൽ ഇത് ഗർഭിണികൾക്ക് വന്നാൽ ഗർഭസ്ഥശിശുവിന് അപകടകരമാണ്.

## പ്രതിരോധം

ജനിച്ചു പത്താം മാസത്തിലും, പതിനാറാം മാസത്തിലും നൽകുന്ന എം.ആർ. പ്രതിരോധ കുത്തിവയ്പ്പ് വഴി രണ്ട് രോഗങ്ങളിൽ നിന്നും ആയുഷ്കാല പരിപൂർണ്ണസംരക്ഷണം ലഭിക്കും.

## വാക്സിന്റെ പ്രാധാന്യം

2023 ഡിസംബറോടെ ഇന്ത്യ അടക്കമുള്ള തെക്ക് കിഴക്കൻ രാജ്യങ്ങൾ മീസിൽസ് റൂബെല്ല രോഗങ്ങൾ നിർമ്മാർജനം ചെയ്യും എന്ന് പ്രതിജ്ഞ എടുത്തിരിക്കുകയാണ്. ആരോഗ്യരംഗത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന കേരളം നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഈ പശ്ചാത്തലത്തിലാണ് പ്രാധാന്യമേറുന്നത്. *നാലിന കർമ്മ പദ്ധതി ആണ് സംസ്ഥാനം നടപ്പിലാക്കി വരുന്നത്.*

1. രണ്ട് ഡോസ് എം.ആർ. വാക്സിൻ 95 ശതമാനം അഞ്ചു വയസ്സു വരെ ഉള്ള എല്ലാ കുട്ടികൾക്കും നൽകുക
2. ശക്തമായ രോഗനിരീക്ഷണ സംവിധാനം ഏർപ്പെടുത്തി ഒരൊറ്റ രോഗി പോലും കണ്ടെത്തപ്പെടാതെ പോകുന്നില്ല എന്ന് ഉറപ്പാക്കുക.
3. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് രോഗനിർണ്ണയം നടത്തുന്ന രാജ്യാന്തര നിലവാരത്തിലുള്ള ലാബ് സൗകര്യം.
4. ഉണ്ടാവുന്ന രോഗവ്യാപനങ്ങൾ (outbreak) നേരത്തെ കണ്ടറിഞ്ഞു പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക.

## നിലവിലെ സ്ഥിതി

**പ്രതിരോധകുത്തിവയ്പ്പ്**

എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി 10 /16 മാസങ്ങളിൽ രണ്ട് ഡോസ് എം.ആർ.വാക്സിൻ കൊടുക്കുന്നു.

### ജർമ്മൻ മീസിൽസ് (റൂബെല്ല) ലക്ഷണങ്ങൾ




90 ശതമാനം കുട്ടികൾക്ക് ഒന്നാം ഡോസ് എം.ആർ.കുത്തിവയ്പ്പ് നൽകി. വാക്സിനെപ്പറ്റിയുള്ള തെറ്റായ വിശ്വാസങ്ങളും, അന്ധവിശ്വാസങ്ങളും, പാർശ്വഫലത്തെ സംബന്ധിച്ച അകാരണമായ ഭയവും കാരണം കുഞ്ഞുങ്ങൾക്ക് സംരക്ഷണം നിഷേധിക്കപ്പെടുന്നത് ഒഴിവാക്കാനാണ് ശ്രമം.

**രോഗനിരീക്ഷണം**

പനി, അതോടൊപ്പം ചുവന്ന തിണർത്ത പാടുകൾ പൊന്തുന്ന എല്ലാവരെയും പരിശോധിച്ച് ചികിത്സ നൽകുന്നു. ഒപ്പം മീസിൽസ്/റൂബെല്ല രോഗനിർണ്ണയത്തിന് ആവശ്യമായ സ്രവ /രക്ത സാമ്പിളുകൾ എടുക്കുന്നു.

**രോഗനിർണയം**

ആലപ്പുഴ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് എന്നിങ്ങനെ ലോകാരോഗ്യ സംഘടനയുടെ അംഗീകാരം ഉള്ള രണ്ട് ലാബുകൾ സംസ്ഥാനത്തുണ്ട്. 2023ൽ തന്നെ ഈ ലാബുകൾ 2000ൽ അധികം സാമ്പിളുകൾ പരിശോധിച്ചു.

**രോഗപ്പകർച്ച പ്രതിരോധം**

വാക്സിൻ എടുക്കാത്ത കുട്ടികൾ അധികമുള്ള പ്രദേശങ്ങളിൽ മീസിൽസ് രോഗപ്പകർച്ച കണ്ടെത്തിയാലുടൻ ഊർജിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ലോകമെമ്പാടും ആയിരക്കണക്കിന് കുഞ്ഞുങ്ങളുടെയും മുതിർന്നവരുടെയും ജീവൻ കവർന്ന പകർച്ചവ്യാധിക്കു കേരളത്തിലെ ഒരു കുഞ്ഞുപോലും ഇരയായിക്കൂട എന്നതിൽ പ്രതിജ്ഞാബദ്ധമാണ് സർക്കാർ. ഇതുസാധ്യമാക്കാൻ എല്ലാവരും ചെയ്യേണ്ടത് ഇത്രമാത്രം- വീട്ടിലും ചുറ്റുമുള്ള കുഞ്ഞുങ്ങൾക്കും രണ്ട് ഡോസ് എം.ആർ. പ്രതിരോധകുത്തിവയ്പ്പ് ഉറപ്പ് വരുത്തുക. അത് ഓരോ കുഞ്ഞിന്റെയും ജന്മാവകാശമാണ്. ■

## വൈറസ് പഠനം - വാക്സിൻ വികസനം

# ഇതാ നമ്മുടെ ഉത്തരം

**നാലുവർഷം മുമ്പ് സ്ഥാപിതമായ കേരളത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി മികവിന്റെ ആഗോളകേന്ദ്രമായി മാറാനൊരുങ്ങുകയാണ്.**



**ഡോ. ഇ. ശ്രീകുമാർ**
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി




പ്രാദേശികവും ആഗോളതലത്തിലും ഉയർന്നുവരുന്ന വൈറസുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും പകർച്ചവ്യാധികൾ കൈകാര്യം ചെയ്യുന്നതിനുള്ള നൂതനസമീപനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രാഥമിക ലക്ഷ്യം പ്രഗൽഭരായ വൈറോളജിസ്റ്റുകളുടെ നേതൃത്വത്തിൽ രോഗകാരികളെ പഠിച്ചും വാക്സിനുകൾ വികസിപ്പിച്ചും പകർച്ചവ്യാധികൾ തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ഗവേഷണസ്ഥാപനം എന്ന നിലയിൽ തിരുവനന്തപുരം തോന്നയ്ക്കലുള്ള

📷 വി.എം. അനിൽകുമാർ



ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധേയമാവുകയാണ്.

പകർച്ചവ്യാധികൾക്കെതിരെയുള്ള തയ്യാറെടുപ്പും തദ്ദേശീയമായ ശേഷി വർധിപ്പിക്കലും ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നു. ഏതെങ്കിലും പുതിയ വൈറസ് പൊട്ടിപ്പുറപ്പെട്ടാൽ ആരോഗ്യ ഉദ്യോഗസ്ഥരെയും മറ്റുള്ളവരെയും ജാഗരൂകരാക്കാൻ സ്ഥാപനത്തിനു കഴിയും. തദ്ദേശീയമായി ആന്റിബോഡികൾ, വാക്സിനുകൾ, രോഗനിർണ്ണയ കിറ്റുകൾ എന്നിവ വികസിപ്പിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നു. പേവിഷബാധയ്ക്കുള്ള തദ്ദേശീയ വാക്സിൻ വികസിപ്പിക്കാനുള്ള പരീക്ഷണങ്ങൾക്കു തുടക്കം കുറിച്ചിട്ടുണ്ട്.

## മുൻനിര പദ്ധതികൾ

1. ഉയർന്നുവരുന്ന വൈറൽ രോഗങ്ങൾക്കെതിരെ മോണോ ക്ലോണൽ ആന്റിബോഡികളുടെ വികസനം. നിപ്പ, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, റാബിസ് എന്നിവയിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.
2. വാക്സിനുകളുടെ വികസനം (ന്യൂക്ലിക് ആസിഡ് അടിസ്ഥാനമാക്കിയുള്ളത്)
3. പുതിയ ഡയഗ്നോസ്റ്റിക് കിറ്റുകളുടെ വികസനം

## ബയോ സേഫ്റ്റി ലെവൽ ലാബുകൾ

അത്യാധുനിക ലബോറട്ടറികൾ, നൂതന ഗവേഷണസൗകര്യങ്ങൾ, ബയോ സേഫ്റ്റി ലെവൽ (ബിഎസ്എൽ) വിഭാഗത്തിലുള്ള ലാബുകൾ ഉൾപ്പെടെ അപകടകാരികളായ വൈറസുകളെ സുരക്ഷിതമായി കൈകാര്യം ചെയ്യാനും പഠിക്കാനുമുള്ള സംവിധാനം ഇവിടെ ഉണ്ട്.

രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 2023 ഏപ്രിലിൽ ഉദ്ഘാടനം കഴിഞ്ഞ 80,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിൻ/ബയോ ബ്ലോക്കിൽ 16 ബയോസേഫ്റ്റി ലെവൽ 2 (ബിഎസ്എൽ 2) വിഭാഗത്തിലുള്ള ലാബുകൾ ഒരുങ്ങുകയാണ്. പതിനാറിൽ എട്ടെണ്ണം പൂർത്തിയായി. കൂടാതെ ബിഎസ്എൽ 3 ലെവൽ ലാബുകൾക്കും, ട്രാൻസ് ജെനിക് അനിമൽ ഹൗസ് കോംപ്ലക്സിനും തറക്കല്ലിട്ടു.

ബേസിക് വൈറോളജി, വൈറൽ ആപ്ലിക്കേഷനുകൾ, ആന്റിവൈറൽ ഡ്രഗ് റിസർച്ച്, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ എന്നീ വിഭാഗങ്ങൾ ഇപ്പോൾ സജീവമാണ്. ക്ലിനിക്കൽ വൈറോളജി, വൈറൽ എപ്പിഡെമോളജി ആൻഡ് പബ്ലിക് ഹെൽത്ത്, ബയോ ഇൻഫോർമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ ഗവേഷണ വിഭാഗങ്ങൾ കൂടി വരുന്നതോടെ നൂതന വൈറോളജി ഗവേഷണത്തിലെ മികവിന്റെ കേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി മാറും.

**"ബേസിക് വൈറോളജി, വൈറൽ ആപ്ലിക്കേഷനുകൾ, ആന്റിവൈറൽ ഡ്രഗ് റിസർച്ച്, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ എന്നീ വിഭാഗങ്ങൾ ഇപ്പോൾ സജീവമാണ്"**

## മോളിക്യൂലർ അസൈൽ ഫെസിലിറ്റി/ ബയോറെപ്പോസിറ്ററി

മോളിക്യൂലർ അസൈൽ ഫെസിലിറ്റിയിലൂടെ കൃത്യസമയത്ത് രോഗനിർണ്ണയം നടത്തി മുൻകൂട്ടി ചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ആരോഗ്യവകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ വൈറസ് പൊട്ടിപ്പുറപ്പെടുന്നത് നേരത്തേ കണ്ടെത്താനും ഫലപ്രദമായ നിയന്ത്രണനടപടികൾ നടപ്പിലാക്കുവാനും മോളിക്യൂലർ അസൈൽ ഫെസിലിറ്റിയിലൂടെ സാധിക്കും.

ലബോറട്ടറി ഗവേഷണത്തിനായി ജൈവവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിക്കുന്നതിനും കാറ്റലോഗ് ചെയ്യുന്നതിനുമായി ബയോറെപ്പോസിറ്ററി സംവിധാനം ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മറ്റൊരു സ്ഥാപനത്തിനും കഴിയാത്തവിധം എൺപത്തിമൂന്നോളം വൈറസുകൾ കണ്ടെത്താനുള്ള സൗകര്യം ഈ സ്ഥാപനത്തിലുണ്ട്. എൺപതോളം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവയുമായി ഇൻസ്റ്റിറ്റ്യൂട്ട് ബന്ധിപ്പിച്ചിട്ടുണ്ട്, അവിടെനിന്ന് സാമ്പിളുകൾ പരിശോധനയ്ക്ക് നൽകുന്നു. ഇതുവരെ 5000 സാമ്പിളുകൾ പരിശോധിച്ചു.

ഇൻസ്റ്റിറ്റ്യൂട്ടിൽ മെറ്റാ ജീനോമിക് സീക്വൻസിങ്ങിനുള്ള ഫാജ് സൗകര്യവുമുണ്ട്. ഇവിടെ വൈറസ് രൂപാന്തരങ്ങളും പുതിയ വൈറസുകളും കണ്ടെത്താനാകും.

ഫരീദാബാദിലെ റീജ്യണൽ സെന്റർ ഫോർ ബയോടെക്നോളജി, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുമായി അക്കാദമിക് പ്രോഗ്രാമുകൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

**ഈ വർഷം വൈറോളജിയുടെ വിവിധ മേഖലകളിൽ പിഎച്ച്ഡി പ്രോഗ്രാം തുടങ്ങുന്നു.**

## അന്തർദേശീയ സഹകരണം

സാംപിൾ കൈമാറ്റത്തിനുപകരം വൈറസിനെക്കുറിച്ചുള്ള സാങ്കേതിക വൈദഗ്ധ്യസഹകരണം ആണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രതീക്ഷിക്കുന്നത്. 2019 ൽ കേരള സർക്കാരിന്റെ കീഴിൽ സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ടിൽ അന്താരാഷ്ട്രസ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന പ്രശസ്തരായ മലയാളി ശാസ്ത്രജ്ഞരുടെ സേവനം ലഭ്യമാകുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ മൾട്ടി ഡിസിപ്ലിനറി സമീപനം ഗവേഷകർ, ക്ലിനിക്കുകൾ, പൊതുജനാരോഗ്യ പ്രൊഫഷണലുകൾ എന്നിവരുടെ ഇടയിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്നതും പുതിയ കണ്ടെത്തലുകൾക്ക് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കുന്നതുമാണ്.■



# വഴികാട്ടാൻ കേരളം



ഡോ. രാജു എം.ആർ
സീനിയർ കൺസൾട്ടന്റ്, കേരള ജിനോം ഡാറ്റ സെന്റർ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ കൗൺസിൽ

ആരോഗ്യരംഗത്ത് രാജ്യത്തിന് മാതൃകയായ കേരളം, ഇന്ത്യയിലെ ആദ്യ ജീനോം ഡാറ്റ സെന്റർ സ്ഥാപിക്കുന്നതിലൂടെ സമഗ്ര ജീൻ ബാങ്കിന് തുടക്കമാകുകയാണ്. ബയോടെക് മേഖലയിലെ വ്യവസായ–ഗവേഷണ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ജനിതകവിവരങ്ങൾ ക്രമപ്പെടുത്തി സൂക്ഷിക്കുന്ന ജീനോം ഡാറ്റ സെന്റർ മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപിച്ചത്.

കേരള ഡവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ പരിധിയിൽ സ്ഥാപിക്കുന്ന കേരള ജീനോം ഡാറ്റ സെന്റർ ഗവേഷകർ, ആരോഗ്യസംരക്ഷണ വിദഗ്ധർ, പൊതുജനാരോഗ്യ ഉദ്യോഗസ്ഥർ എന്നിവർക്ക് ജീനോമിക് ഡാറ്റ ഉപയോഗപ്പെടുത്തുന്നതിനും പങ്കിടുന്നതിനുമുള്ള ഡാറ്റ ഹബ്ബായി പ്രവർത്തിക്കും.

## ജിനോമിക്സ്

രോഗപ്രതിരോധത്തിനും ചികിത്സ ലഭ്യമാക്കുന്നതിനും പുതിയ ചികിത്സാരീതികൾ അവലംബിക്കുന്നതിനുമുള്ള സാധ്യത തുറന്നുതരുന്ന ശാസ്ത്രമേഖലയാണ് ജീനോമിക്സ്. മെഡിക്കൽ ഗവേഷണത്തിലും പരിശീലനത്തിനുമുള്ള സാമ്പ്രദായിക സമീപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വരുംകാല ചികിത്സാരീതികൾ മുൻകൂട്ടികണ്ട് പ്രവർത്തിക്കുന്നതിനും ഇതു പ്രയോജനകരമാകും. ഈ ലക്ഷ്യം

**നൂതന ശാസ്ത്ര-സാങ്കേതിക മേഖലയിൽ രാജ്യത്തിന് വഴികാട്ടാൻ കേരളത്തെ പ്രാപ്തമാക്കുന്ന പദ്ധതിയായി ജിനോം ഡാറ്റാ സെന്റർ മാറും**



മുൻനിർത്തിയാണ് ജിനോമിക് ഡാറ്റ സെന്റർ പ്രവർത്തനം.

മൃഗങ്ങൾ, സസ്യങ്ങൾ, പാരിസ്ഥിതിക സാമ്പിളുകൾ എന്നിവയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള മാതൃകകൾ ക്രമീകരിച്ച് ഡാറ്റ ഉൽപാദനത്തിലൂടെ രോഗപ്പകർച്ചയും പുതിയരോഗങ്ങളുടെ ആവിർഭാവവും നിരീക്ഷിക്കാനാകും.

പുതിയരീതിയിലുള്ള ചികിത്സകൾ തിരിച്ചറിയാനും ജിനോം സെന്റർ പ്രയോജനപ്പെടും. ഗവേഷണസ്ഥാപനങ്ങൾ, ആശുപത്രികൾ, ബയോടെക് കമ്പനികൾ എന്നിവയ്ക്ക് പുതിയ ഉൽപന്നങ്ങൾ വികസിപ്പിക്കാനും ബയോ ഇൻഫോമാറ്റിക്സ്, ഡയഗ്നോസ്റ്റിക് സ്റ്റാർട്ടപ്പുകൾ, സോഫ്റ്റ്‌വെയർ കമ്പനികൾ എന്നിവയ്ക്ക് നിർമ്മിതബുദ്ധി, മെഷീൻ ലേണിങ്ങ് എന്നിവ ഉപയോഗിച്ച് മൂല്യവർധിത പ്ലാറ്റ്ഫോമുകളും ടൂളുകളും സൃഷ്ടിക്കുന്നതിനുമുള്ള ശക്തമായ അടിത്തറ കൂടിയാകും ജിനോം സെന്റർ.

## ജിനോം സെന്ററും കേരളവും

നൂതന ശാസ്ത്ര-സാങ്കേതിക മേഖലയിൽ രാജ്യത്തിന് വഴികാട്ടാൻ കേരളത്തെ പ്രാപ്തമാക്കുന്ന പദ്ധതിയായി ജിനോം ഡാറ്റാ സെന്റർ മാറും. ജിനോമിക് ഡാറ്റ റിസോഴ്സ് പൂൾ നിർമ്മിക്കുന്നത് ജനിതകവകഭേദങ്ങൾ തിരിച്ചറിയാൻ സഹായിക്കും. പകർച്ചവ്യാധികളുടെ വ്യാപനം നിയന്ത്രിക്കാനും സഹായകമാകും. രോഗനിരീക്ഷണത്തിനും പ്രതികരണത്തിനുമുള്ള സമീപനം കാര്യക്ഷമമാക്കുകയും ചെയ്യും.

പ്രാഥമിക മേഖലയിലെ ഉൽപാദനക്ഷമത വർധിപ്പിക്കാനും പുതിയ ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനും ഗവേഷണ സ്ഥാപനങ്ങൾ, ബയോടെക് കമ്പനികൾ എന്നിവയ്ക്ക് നിർണ്ണായക വിവരങ്ങൾ ലഭ്യമാക്കുന്നതിനും പുതിയ സെന്റർ മുതൽക്കൂട്ടാകും. ജനിതകവിവരങ്ങൾ വിശകലനം ചെയ്ത് ആരോഗ്യം, കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ സുപ്രധാന പങ്ക് വഹിക്കാൻ സംസ്ഥാനത്തിന് സാധിക്കും.

വരുംകാലത്തെ ആരോഗ്യ-ജനിതക പ്രശ്നങ്ങളുടെ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും സെന്റർ വഴി ഒരുക്കും. ഇതുവഴി ജനങ്ങളുടെ ആരോഗ്യസംരക്ഷണം മെച്ചപ്പെടുത്താനുമാകും. മികച്ച കാർഷികവിളകൾ സൃഷ്ടിക്കാൻ ഗവേഷണസ്ഥാപനങ്ങളെ സഹായിക്കാനും മൃഗസംരക്ഷണമേഖലയിൽ മതിയായ രോഗനിർണ്ണയത്തിനും പ്രതിരോധ മരുന്നുകളുടെ വികസനത്തിനും പുതിയ കേന്ദ്രം വഴിയൊരുക്കും. സംസ്ഥാനത്തിന്റെ ജൈവസുരക്ഷയിലും വലിയ പങ്കുവഹിക്കാൻ സെന്ററിന് കഴിയും.■





# ഒരുമുറം പച്ചക്കറി ഒരുമയുടെ വിളവെടുപ്പ്

**ഓണത്തിന് പച്ചക്കറി വിളയിക്കുന്ന സംസ്കാരം തുടർപ്രക്രിയയാക്കി നിലനിർത്തി സ്വയംപര്യാപ്തത എന്ന വലിയ ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ് കേരളം. 2016 ൽ തുടങ്ങിയ 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി ഇത്തവണയും നടപ്പിലാക്കുകയാണ്**

**എസ്. പി. വിഷ്ണു**
കൃഷി ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

പച്ചക്കറിക്കൃഷിയിൽ വലിയ കുതിച്ചുചാട്ടമാണ് കേരളത്തിൽ. പ്രതിവർഷം സംസ്ഥാനത്തെ പച്ചക്കറി ഉപഭോഗം 22 ലക്ഷം മെട്രിക് ടൺ. ഇപ്പോഴത്തെ ഉൽപാദനം– 17 ലക്ഷം മെട്രിക്ടൺ. അഞ്ചുലക്ഷം മെട്രിക് ടൺ അധിക ഉൽപാദനത്തിലൂടെ സ്വയംപര്യാപ്തതയാണ് ലക്ഷ്യമാക്കുന്നത്. ശുദ്ധഭക്ഷണം ഉറപ്പാക്കുന്നതിനൊപ്പം ജീവിതശൈലിരോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആരോഗ്യ സംരക്ഷണത്തിനും കൃഷി ഗുണകരമാണെന്ന



ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതി ഉദ്ഘാടനം

പൊതുബോധമാണ് നേട്ടമായത്.
ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയിലൂടെ എല്ലാ കുടുംബങ്ങളിലേക്കും കൃഷിയുടെ പ്രാധാന്യം ബോധ്യപ്പെടുത്താനുമായി.

## പദ്ധതി ലക്ഷ്യങ്ങൾ

- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പച്ചക്കറി ഉപഭോഗം വരുന്ന ഉത്സവസീസണുകളിൽ അനിയന്ത്രിത വിലക്കയറ്റം തടയുക.
- എല്ലാ സീസണിലും വിഷരഹിത ഭക്ഷണം ശീലമാക്കുക.
- വിദ്യാർഥികൾ, യുവജനങ്ങൾ, കർഷകസംഘങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി സമസ്തമേഖലയിലെയും ജനങ്ങളെ ഉൾപ്പെടുത്തി പച്ചക്കറിക്കൃഷിയിൽ ജനകീയ മുന്നേറ്റം നടത്തുക.
- പച്ചക്കറിക്കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുക.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി വിത്ത് പാക്കറ്റുകൾ, തൈകൾ, ദീർഘകാല പച്ചക്കറിത്തൈകൾ എന്നിവ സംസ്ഥാനത്തെ 1076 കൃഷിഭവനുകൾ വഴി സൗജന്യമായി നൽകുന്നു. 25 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകളാണ് ലഭ്യമാക്കുക. പച്ചക്കറി ഇനങ്ങളുടെ 100 ലക്ഷം തൈകളുമുണ്ട്. ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തി ചീര)രണ്ട് ലക്ഷം തൈകളും പദ്ധതിയുടെ ഭാഗമായി നൽകുന്നു. അത്യുൽപാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും അത്യുൽപാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും വിതരണം ചെയ്തു തുടങ്ങി.

## കൃഷിരീതികൾ

### വെണ്ട

ആനക്കൊമ്പു പോലെ വളരുന്ന സൽകീർത്തി ഇനവും ചുവന്ന കായ്കൾ തരുന്ന അരുണയും സ്ഥിരമായി കായ്ക്കുന്ന സുസ്ഥിരയും പ്രധാന ഇനങ്ങൾ. വിത്തുകൾ 24 മണിക്കൂർ വെള്ളത്തിൽ കുതിർത്ത ശേഷം നേരിട്ട് ചാക്കിലോ മണ്ണിലോ പാകി വളർത്തിയെടുക്കാം. വിത്തുപാകി ഒന്നരമാസം കൊണ്ട് വിളവെടുപ്പ് തുടങ്ങാം. ഒന്നിടവിട്ട ദിവസങ്ങളിൽ കായ്കൾ പറിച്ചെടുക്കാം. വെള്ളീച്ച പരത്തുന്ന വൈറസ് രോഗം പരത്തുന്ന കീടങ്ങളെ നിയന്ത്രിക്കുന്നതിന് വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതവും മഞ്ഞക്കെണികളും ഉപയോഗിക്കാം.

### പയർ

അടുക്കളത്തോട്ടത്തിന്റെ അതിർത്തിയിൽ നാലോ അഞ്ചോ കമ്പുനാട്ടി കയർ കെട്ടിയെടുത്താൽ 10 ചുവട് പയർ വളർത്തിയെടുക്കാം. ചാക്കിലും തടത്തിലും വെള്ളത്തിൽ കുതിർത്ത വിത്തുകൾ നേരിട്ട് പാകി വളർത്തി പന്തലിൽ കയറ്റി കൊടുക്കാം. നട്ട് അൻപതാം ദിവസം മുതൽ രണ്ടര മാസക്കാലം സ്ഥിരമായി വിളവെടുപ്പ് നടത്താം. മുഞ്ഞബാധയ്ക്കെതിരെ വേപ്പെണ്ണ ആവണക്കെണ്ണ കൂട്ടും ബിവേറിയയും പ്രയോഗിക്കാം. തണ്ടുതുരപ്പൻ പുഴുക്കൾക്കെതിരെ വേപ്പെണ്ണ എമൽഷൻ

ഫലവത്താണ്.

## വഴുതനവർഗ വിളകൾ

മുളക്, വഴുതന, തക്കാളി എന്നിവയാണ് വഴുതന വർഗത്തിലെ പ്രധാനവിളകൾ. മഴക്കാലം തക്കാളി ക്കൃഷിക്ക് അത്ര യോജിച്ചതല്ലെങ്കിലും മറ്റു രണ്ടു വിളകളും അനായാസം ഈ സമയത്ത് കൃഷിചെയ്യാം.

ഒരുമാസം പ്രായമായ തൈകൾ പറിച്ചുനട്ടാണ് വഴുതനവർഗ വിളകൾ കൃഷി ചെയ്യേണ്ടത്. സ്യൂഡോമോണസ് ലായനിയിൽ തൈകൾ 10 മിനിറ്റ് മുക്കിവച്ച ശേഷം നടുന്നത് രോഗങ്ങൾക്കെതിരെ പ്രതിരോധശേഷി നൽകും. രണ്ടുമാസം പ്രായമായ ചെടികളിൽ വിളവെടുപ്പ് നടത്താം. ഏകദേശം മൂന്നുമാസം വരെ വിളവെടുപ്പ് സാധ്യമാണ്. വഴുതനയിൽ കുറ്റിവിള സമ്പ്രദായം അനുവർത്തിക്കുകയാണെങ്കിൽ ഒരു വർഷത്തോളം വിളവെടുപ്പ് നടത്താം.

നീരൂറ്റി കുടിക്കുന്ന കീടങ്ങൾ ഇലചുരുട്ടുന്നതിനും മുരടിപ്പിനും കാരണമാകും. വേപ്പധിഷ്ഠിത കീടനാശിനി, വെർട്ടിസീലിയം എന്നിവ ആഴ്ചയിലൊരിക്കൽ തളിക്കണം. ബാക്ടീരിയൽ വാട്ടം വരുന്ന ചെടികളെ അപ്പോൾ നശിപ്പിച്ചാൽ രോഗം പടരാതിരിക്കും. വഴുതനയിൽ സൂര്യ, ശ്വേത, നീലിമ എന്നിവയും മുളകിൽ ഉജ്ജ്വല, അനുഗ്രഹ എന്നിവയും വാട്ടരോഗ പ്രതിരോധശേഷിയുള്ളവയാണ്.

## പാവൽ പടവലം

നടീൽ മിശ്രിതം നിറച്ച ചാക്കിലോ തടത്തിലോ നേരിട്ട് വിത്തുകൾ പാകി മുളപ്പിക്കാം. ജൈവവളങ്ങൾ പല തവണ നൽകണം. പച്ചച്ചാണകം പാടില്ല. കായീച്ചക്കെണികൾ സ്ഥാപിക്കണം. തുളസിക്കെണി, ഫെറമോൺകെണി എന്നിവ ഉപയോഗിക്കാം. ഇലപ്പുള്ളി രോഗത്തിന് സ്യൂഡോമോണസ് ലായനി ആഴ്ചയിൽ ഒരിക്കൽ രണ്ട് ശതമാനം വീര്യത്തിൽ തളിക്കാം. വിത്തുപാകി രണ്ടുമാസം കഴിഞ്ഞാൽ വിളവെടുപ്പ് ആരംഭിക്കാം. 90 ദിവസക്കാലം വിളവെടുപ്പ് നടത്താം.

## മത്തൻ, കുമ്പളം

നേരിട്ടു വിത്തുപാകി മുളപ്പിക്കാം. വള്ളികൾ പടരുന്നതിനായി ഓലയോ മരച്ചില്ലകളോ വിരിച്ചുകൊടുക്കണം. വള്ളി വീശുമ്പോഴും പൂവിടുമ്പോഴും ജൈവസ്ലറി വളമായി നൽകാം. വിവിധ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ രണ്ട് ശതമാനം വീര്യത്തിൽ സ്യൂഡോമോണാസ് തളിക്കുക.

## കോവൽ

അത്യുൽപാദനശേഷിയുള്ള പെൺചെടികളിൽ നിന്നും മൂന്ന് നാല് മുട്ടുകളുള്ള തണ്ടുകൾ ശേഖരിച്ചു നടാൻ ഉപയോഗിക്കാം. രണ്ടോ മൂന്നോ വള്ളികൾ ഒരു ചാക്കിൽ നട്ട് ടെറസിൽ വച്ച് പടർത്തി വിടാം. ജൈവവളം ധാരാളം വേണം. നട്ടു രണ്ടുമാസം കഴിയുമ്പോൾ വിളവെടുപ്പ് ആരംഭിക്കാം.

## ചീര

വീട്ടുവളപ്പിൽ അനായാസേന കൃഷി ചെയ്ത് എളുപ്പത്തിൽ ചീര നടാം. ഓണത്തിനു മാത്രമല്ല തുടർന്നും എല്ലാ സീസണിലും ചീരനട്ട് വിളവെടുക്കാം.

മാർഗനിർദേശങ്ങൾക്കും
സംശയനിവാരണത്തിനും
കൃഷിവകുപ്പുമായി ബന്ധപ്പെടാം.
സംശയനിവാരണത്തിനുള്ള ടോൾഫ്രീ നമ്പർ :
**1800-425-1661**






# ഫുട്ബോൾ വസന്തത്തിന് വഴിയൊരുങ്ങുന്നു

**ലോക ഫുട്ബോൾ ഭൂപടത്തിലേക്ക് നൂറാം റാങ്കുമായി ചരിത്രമെഴുതുകയാണ് ഇന്ത്യൻ ഫുട്ബോൾ. കായികലോകത്തിന് മികച്ച പിന്തുണ ലഭിക്കുന്ന കേരളത്തിന്റെ അടയാളപ്പെടുത്തലുകളുമുണ്ട് ഈ നേട്ടത്തിന് പിന്നിൽ**



സനിൽ പി. തോമസ്

മാർച്ചിൽ ഇംഫാലിൽ ത്രിരാഷ്ട്ര ടൂർണമെന്റിൽ വിജയം, ജൂണിൽ ഭുവനേശ്വരിൽ ചതുർരാഷ്ട്ര ഇന്റർകോണ്ടിനെന്റൽ കപ്പ്, ജൂലൈയിൽ ബെംഗലുരുവിൽ സാഫ് ചാംപ്യൻഷിപ്പിൽ ഒൻപതാം കിരീടം. ഭുവനേശ്വരിലെ വിജയത്തോടെ തന്നെ നൂറാം റാങ്കിൽ എത്തിയ ഇന്ത്യയ്ക്ക് ഇനി നൂറിനുള്ളിൽ കടന്നുകൊണ്ട് ഈ വർഷത്തെ ഏഷ്യൻ കപ്പിനായി തയ്യാറെടുക്കാം. ഫുട്ബോളിൽ ഇന്ത്യ മുന്നോട്ടു തന്നെ. കുവൈത്തിനെ തോൽപിച്ച കളിമികവ് ഇന്ത്യയുടെ വരുംകാല ഫുട്ബോൾ വിജയങ്ങളിലേക്കുള്ള ഉറച്ച കാൽവയ്പ്പുതന്നെയാണ്.

നാലുതവണ ഒളിംപിക്സിൽ പങ്കെടുക്കുകയും ഒരിക്കൽ സെമിയിൽ കടക്കുകയും ചെയ്ത ഇന്ത്യ രണ്ടുതവണ ഏഷ്യൻ ഗെയിംസിൽ സ്വർണം

നേടിയിട്ടുണ്ട്.

ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ ഇന്ത്യ-കുവൈത്ത് സാഫ് ഫുട്ബോൾ ചാംപ്യൻഷിപ്പ് ഫൈനൽ കാണാൻ 26,000 പേർ എത്തിയത് പ്രതീക്ഷ പകരുന്നു പ്രാഥമിക റൗണ്ടിന്റെ ആവർത്തനമെന്നോണം ഇന്ത്യയും കുവൈത്തും സമനില (1-1) കണ്ട ഫൈനലിൽ സഡൻ ഡെത്തിലാണ് ഇന്ത്യ കിരീടം കാത്തത് (5-4). സെമിയുടെ ആവർത്തനമായി കലാശക്കളിയിലും ഗോളി ഗുർപ്രീത്സിങ് സന്ധുവിന്റെ മികവ് ഇന്ത്യക്ക് തുണയായി.

ലീഡ് നേടിയ കുവൈത്തിനെ സമനിലയിൽ തളച്ച ഗോൾ ലാലിയൻ സുവാലചാങ്തേ നേടിയതാണ്. ആ ഗോളിനു വഴിതെളിച്ചവരിൽ കേരളത്തിന് അഭിമാനമായി രണ്ട് മലയാളി താരങ്ങൾ ഉണ്ടായിരുന്നു. ആശിക് കരുണിയൻ ബോക്സിലേക്ക് സുനിൽ ഛേത്രിക്കു നൽകിയ പന്ത്, ഛേത്രി സഹൽ അബ്ദുൽ സമദിനു നൽകി. സഹലിന്റെ അസിസ്റ്റിൽ ആണ് ഗോൾ പിറന്നത്.

സന്ദേശ് ജിംഗനും മേഹ്താബ്സിങ്ങും അൻവർ അലിയും ഒരുക്കിയ പ്രതിരോധമാണ് ടൂർണമെന്റിൽ ഉടനീളം ഇന്ത്യയെ തുണച്ചത്. സുനിൽ ഛേത്രിയെന്ന സൂപ്പർതാരം 2005 ൽ അരങ്ങേറിയതുമുതൽ നാട്ടിൽ ഇന്ത്യ ഫൈനലുകൾ വിജയിക്കുകയാണ്.

കഴിഞ്ഞമാസം ഇന്റർ കോണ്ടിനെന്റൽ കപ്പിൽ ലബനോനെ ഫൈനലിൽ തോൽപിച്ച ഇന്ത്യ (2-0) നൂറാം റാങ്കിൽ എത്തി. രണ്ടു ഭൂഖണ്ഡങ്ങളിൽ നിന്നുള്ള നാലുരാജ്യങ്ങൾ പങ്കെടുത്ത ടൂർണ്ണമെന്റ് ആയിരുന്നത്. മംഗോളിയയും വനൗതുമായിരുന്നു ഇതര ടീമുകൾ. 2018 ൽ ഇതേ ടൂർണ്ണമെന്റിന്റെ ആദ്യ പതിപ്പിൽ കെനിയയെ തോൽപിച്ച് (2-0) ചാംപ്യൻമാരായ ഇന്ത്യ 2019 ൽ നാലാമതായിരുന്നു. ഇത്തവണ കിരീടം വീണ്ടെടുക്കുകയായിരുന്നു. മാർച്ചിൽ മ്യാൻമറിനെയും കിർഗിസ്ഥാനെയും പിന്തള്ളിയാണ് ത്രിരാഷ്ട്ര കിരീടം ചൂടിയത്.

സ്റ്റീഫൻ കോൺസ്റ്റന്റയിനിന്റെ ശിക്ഷണത്തിൽ 2017 ലും 18 ലും ലോകറാങ്കിങ്ങിൽ 96 ൽ എത്തിയ ഇന്ത്യ നേരത്തെ 1996 ഫെബ്രുവരിയിൽ കൈവരിച്ച 94 ആണ് ഇതുവരെയുള്ള മികച്ച റാങ്ക്. 2019 ൽ ആണ് ഇഗോർ സ്റ്റിമാച്ച് ഇന്ത്യൻ ടീമിന്റെ പരിശീലകനായത്. തുടർച്ചയായ വിജയം ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ ആത്മവിശ്വാസം വർധിപ്പിച്ചിട്ടുണ്ട്. ഏഷ്യൻ കപ്പിലേക്ക് പ്രതീക്ഷ പകരുന്നതും ഇതുതന്നെയാണ്. ■






## കേരളത്തിനും പ്രതീക്ഷ

ഇന്ത്യ 1948 മുതൽ 1960 വരെ നാലുതവണ ഒളിംപിക്സ് ഫുട്ബോളിൽ പങ്കെടുത്തപ്പോഴും ടീമിൽ മലയാളി സാന്നിധ്യമുണ്ടായിരുന്നു. തിരുവല്ല പാപ്പനും കോട്ടയം സാലിയും അബ്ദുൽറഹ്മാനും എസ്.എസ്.നാരായണനും ഒ. ചന്ദ്രശേഖരനും എം. ദേവദാസും മലയാളി ഫുട്ബോൾ ഒളിംപ്യൻമാരായി. പിന്നീട് 1970 കളിൽ സേവ്യർ പയസും പ്രേംനാഥ് ഫിലിപ്പും സി.ഡി. ഫ്രാൻസിസും സേതുമാധവനും വിക്ടർമഞ്ഞിലയും സി.സി. ജേക്കബും എം.എം.ജേക്കബും ഒക്കെ ഇന്ത്യൻ ടീമിൽ മലയാളി മികവ് വിളിച്ചറിയിച്ചു.

1990 ൽ വി.പി.സത്യനും യു. ഷറഫലിയും ജോപോൾ അഞ്ചേരിയും ഐ.എം. വിജയനും കെ.ടി. ചാക്കോയും സി.വി. പാപ്പച്ചനുമൊക്കെ ആ മികവ് തുടർന്നു. ഇവരുടെയൊക്കെ തുടർച്ചയാണ് ആശിക് കരുണിയനിലും സഹൽ അബ്ദുൽ സമദിലുമൊക്കെ ഇന്ന് കാണുന്നത്. ഭുവനേശ്വറിൽ ഇന്റർകോണ്ടിനെന്റൽ കപ്പിലും ഇവർ ഇരുവരും ഇന്ത്യൻ ടീമിലെ സജീവസാന്നിധ്യമായിരുന്നു. ഐ.എസ്. എല്ലിലെയും ഐ ലീഗിലെയും മലയാളി മികവു കാണുമ്പോൾ ദേശീയടീമിൽ കൂടുതൽ കേരള താരങ്ങൾക്ക് ഇടമൊരുങ്ങുമെന്ന് കരുതാം. ഇപ്പോഴത്തെ വിജയങ്ങളും കരുണിയന്റെയും സഹലിന്റെയും മികച്ച പ്രകടനവും കേരളതാരങ്ങൾക്ക് ഉണർവ് പകരുന്നുണ്ട്.



ഫോട്ടോ കടപ്പാട്: വിക്കി കോമൺസ്

നമ്പൂതിരി
(1925 സെപ്റ്റംബർ 13–2023 ജൂലൈ 7)

# അതുല്യവരകൾ അനശ്വരരൂപങ്ങൾ

എൻ. നിരഞ്ജന

എഴുത്തിലെ ഭാവനാലോകങ്ങളെ കൂടുതൽ വിശാലാകാശങ്ങളിലേക്കു തുറന്നുവിടുന്നതായിരുന്നു ആ വരകൾ. ഒറ്റനോട്ടത്തിൽ അയത്നലളിതമെന്നു തോന്നുന്ന ആ രേഖാചിത്രങ്ങളുടെ മാന്ത്രികത അനുഭവിപ്പിക്കുന്ന എത്രയെത്ര മനുഷ്യരൂപങ്ങൾ.. എം.ടിയും വി.കെ.എന്നും മാധവിക്കുട്ടിയും മുതൽ മലയാള സാഹിത്യത്തിലെ പുതുമക്കാരുടെ വരെ കഥാപാത്രങ്ങൾക്ക് കൂടുതൽ ഭാവപ്പകർച്ച നൽകുന്ന എത്രയോ വരകൾ. മലയാറ്റൂർ കഥകളിൽ ബ്രിഗേഡിയർ വിജയൻ മേനോൻ അദ്ദേഹത്തിന്റെ വരകളിലൂടെയാണ്, മലയാറ്റൂരിന്റെ തന്നെ ഭാഷയിൽ ചിന്തിച്ചാൽ – നിറഞ്ഞുനിന്നത്.

എന്നും രണ്ടാമനാകാൻ വിധിക്കപ്പെട്ട ഭീമന്റെ ദൈന്യതയ്ക്ക് വരകളിൽ ജീവൻ വച്ചപ്പോൾ എം. ടി യുടെ രണ്ടാമൂഴത്തിന്റെ അർഥതലങ്ങൾക്ക് ഗരിമയേറി. മഹാഭാരതത്തിന്റെ ഏടുകളിൽ നിന്ന് എഴുത്തുകാരൻ കണ്ടെത്തിയ വേറിട്ട ഭീമൻ ഉൾപ്പടെയുള്ള ഇതിഹാസ പാത്രങ്ങൾക്ക് പിൽക്കാലത്ത് ശിൽപചാരുത പകർന്നും നമ്പൂതിരിയിലെ കലാകാരൻ വിസ്മയിപ്പിച്ചു. അങ്ങനെയാണ് ചെമ്പുതകിടിൽ ലോഹഭാരതം ജനിച്ചത്. രാമായണത്തിനും മെറ്റൽ എംബോസിങ്ങ് രീതിയിലൂടെ ശിൽപഭംഗി നൽകി അദ്ദേഹം. സ്ഥൂലശരീരികളായ സ്ത്രീകളും മെലിഞ്ഞുനീണ്ട കാലുകളിൽ വലിയ ശരീരമുള്ള പുരുഷന്മാരും പാത്രസൃഷ്ടിയുടെ വേറിട്ട അനുഭവമാണ് പകർന്നുനൽകിയത്.

കഥകളി പ്രിയനായിരുന്ന നമ്പൂതിരി കഥകളിവേഷങ്ങളെ കോറിയിടാൻ കരിക്കട്ടയുടെ ചിത്രഭാഷ പരീക്ഷിച്ചു. ജി. അരവിന്ദനൊപ്പം കാഞ്ചനസീതയിലും പി. പത്മരാജനുമൊത്ത് ഞാൻ ഗന്ധർവനിലും പ്രവർത്തിച്ചു. കാവാലത്തിന്റെ അവനവൻ കടമ്പയ്ക്കും ചിത്രങ്ങളുടെ ഭാഷ പകർന്നു. നിത്യതയിലേക്ക് മടങ്ങുമ്പോൾ നമ്പൂതിരി ബാക്കിയാക്കുന്നതും മലയാളിസ്വത്വത്തെ വിവിധ രീതിയിൽ ആവിഷ്കരിച്ച ആ വരകളുടെ ധന്യത തന്നെയാണ്... ■





കടപ്പാട്: സമകാലിക മലയാളം

# ശബ്ദങ്ങളുടെ നക്ഷത്രപൂങ്കാവനം


**മലയാളഭാഷാ നിഘണ്ടുക്കൾ പലതുണ്ട്. പക്ഷേ നിഘണ്ടുവിന്റെ പകരം പദം "ശബ്ദതാരാവലി" മാത്രം. മാതൃഭാഷാ പ്രണയിയായ ശ്രീകണ്ഠേശ്വരം. ജി. പദ്മനാഭപിള്ളയുടെ ഈ മഹത്തായ നിഘണ്ടുവിന്റെ ഒന്നാം പതിപ്പ് 1923 ൽ പുറത്തിറക്കി.**
**2023 ആ നിലയ്ക്ക് നൂറാംവർഷം. നാളിതുവരെ എത്രയെത്ര പരിഷ്കരിച്ച പതിപ്പുകൾ.**
**മലയാളമറിയുന്ന കേരളീയർക്ക് ഇത് അഭിമാന വർഷം**

**പ്രൊഫസർ കെ. ശശികുമാർ**

ഒരിടത്ത് ഒരിക്കലൊരു സാഹിത്യ പരിഷത്ത് സമ്മേളനം നടന്നു. മലയാളഭാഷയ്ക്ക് ഒരു നിഘണ്ടുവില്ലാത്തത് പ്രമുഖ പ്രഭാഷകരോക്കെയും സൂചിപ്പിച്ചു. പണ്ഡിതരായ എഴുത്തുകാർ ഒന്നുചേർന്ന് നിഘണ്ടു നിർമ്മാണ ചുമതല ഏറ്റെടുക്കണമെന്ന് സമ്മേളനം നിർദ്ദേശിച്ചു. പദ്ധതി പ്രയോഗത്തിൽ വന്നില്ല. ഒരു ചെറുപ്പക്കാരൻ പൂർവ നിർബന്ധം കൂടാതെ ഈ കൃത്യം സ്വയം ഏറ്റെടുത്തു. യുവാവിന്റെ പേര് ശ്രീകണ്ഠേശ്വരം ശ്രീപദ്മനാഭപിള്ള. തിരുവനന്തപുരം ശ്രീകണ്ഠേശ്വരത്ത് കളവറവിളാകത്ത് വീട്ടിൽ 1040 വൃശ്ചികം 12ന് ജനിച്ച പദ്മനാഭപിള്ള ആദ്യത്തെ മലയാള ഭാഷാചരിത്രകർത്താവായ സർവാധികാര്യക്കാരായ പി ഗോവിന്ദപ്പിള്ളയുടെ മരുമകൻ ആണെന്നും അറിയുക.

നിഘണ്ടു നിർമ്മാണം 32-ാം വയസ്സിൽ പദ്മനാഭപിള്ള തുടങ്ങി. 58-ാം വയസ്സിൽ പൂർത്തിയായി. കാൽനൂറ്റാണ്ട് കാലത്തെ കഠിന പരിശ്രമം. അതും ഒറ്റയ്ക്ക്. ഇൻഫർമേഷൻ ടെക്നോളജിയുടെ അജ്ഞാതവും അവികസിതവുമായ കാലസന്ധിയിൽ. നിഘണ്ടു നിർമ്മാണത്തിനായി ഉണ്ടായിരുന്ന വക്കീൽ പണി പോലും ഈ മഹാൻ ഉപേക്ഷിച്ചു. എന്തെന്തു ക്ലേശങ്ങൾ, ത്യാഗങ്ങൾ. ഈ അമ്മാവനും മരുമകനും കൈരളിയുടെ കഥയിലെ രണ്ട് അനശ്വര കഥാപാത്രങ്ങൾ.

ശ്രീകണ്ഠേശ്വരത്തിന്റെ ഈ ഡയറിക്കുറിപ്പ് വായിക്കുക. "ഞാൻ 1072 ൽ ആരംഭിച്ച ശബ്ദതാരാവലി എന്ന മലയാള നിഘണ്ടു 1092 ആയ ഈ ആണ്ടവസാനത്തിൽ മുഴുവനും എഴുതിതീർത്തു. പൂർണ്ണവും സ്വതന്ത്രവുമാണ് ശബ്ദതാരാവലി." 1931ൽ






രണ്ടാം പതിപ്പ്. 1939ൽ മൂന്ന്. 1952 നാലാം പതിപ്പ്. ശബ്ദതാരാവലി കർത്താവിന്റെ ജന്മശതവാർഷിക ദിനത്തിൽ അഞ്ചാം പതിപ്പ്. ശ്രീകണ്ഠേശ്വരത്തിന്റെ മകനായ പി ദാമോദരൻ നായർ ആണ് ശബ്ദതാരാവലി കാലാകാലം പരിഷ്കരിച്ച് വിപുലപ്പെടുത്തി പ്രസിദ്ധീകരിച്ചത്. മഹാനുഭാവനായ അച്ഛന്റെ മഹാനായ മകനെ കുറിച്ച് മഹാകവിവള്ളത്തോൾ പറഞ്ഞതിങ്ങനെ. "പരലോകമടഞ്ഞ അച്ഛനെ മകന്റെ ഈ അതിദുഷ്കരമായ ശ്രാദ്ധാനുഷ്ഠാനം ശബ്ദതാരാവലി സംസ്കരണം എത്ര മേൽസന്തുഷ്ട നാക്കുകയില്ല അച്ഛന്റെ രചനകൾ ആക്രിക്കാരന് വലിച്ചെറിഞ്ഞു കൊടുക്കുന്ന മക്കൾ ഇവരെ പ്രണമിക്കുക."

ശബ്ദങ്ങളുടെ ഈ നക്ഷത്രപൂങ്കാവനം ഇതു പോലെ നാളിതുവരെ മറ്റാരാലും ഒരുക്കിയിട്ടുമില്ല. ഭാഷയിലെ പദങ്ങൾ ഒരു നിശ്ചിത സംവിധാനത്തിൽ അടുക്കിചേർത്ത് വച്ചിരിക്കുന്ന ശബ്ദകോശം ആണ് നിഘണ്ടുവെന്നത് പരിനിഷ്ഠിതമായ അർഥത്തിൽ ശരിയാണ്. ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി അങ്ങനെ യാണുതാനും. നൂറുവർഷത്തിനപ്പുറം സങ്കേതസൂചിയുമൊക്കെ തയ്യാറാക്കി ശാസ്ത്രീയമായിതന്നെയാണ് ഈ പ്രതിഭാധനൻ വാക്കുകൾക്ക് കൂടൊരുക്കിയിട്ടുള്ളത്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ശബ്ദതാരാവലി പോലൊരു നിഘണ്ടുവിന്റെ നിർമ്മാണം ചിന്തയ്ക്ക് അപ്പുറമാണ്. പ്രധാനകാരണം ലക്ഷണമൊത്ത പൂർവ നിർമ്മിതികൾ അന്നത്തെ മലയാളഭാഷയിൽ ഉണ്ടായിരുന്നില്ല എന്നത് തന്നെ. വിദേശ പണ്ഡിതരുടെ ശ്രമങ്ങൾ നിഘണ്ടു നിർമ്മാണ മേഖലയിൽ ഉണ്ടായി എന്നത് സാഭിമാനം ഓർമ്മിക്കാമെങ്കിലും. (മലയാള വാക്കുകൾക്ക് മലയാള ഭാഷയിൽത്തന്നെ അർഥം നൽകി രചിച്ച ആദ്യത്തെ നിഘണ്ടു റിച്ചാർഡ് കോളിൻസിന്റെ മലയാളം നിഘണ്ടുവാണ്. ഈ ശബ്ദകോശം 1865ൽ പ്രസിദ്ധീകൃതമായി. ബഹുഭാഷാപണ്ഡിതനായ ഡോക്ടർ ഹെർമൻ ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു ഒരു മഹാസംരംഭം തന്നെ. മലയാള പദങ്ങൾക്ക് ഇംഗ്ലീഷിൽ അർഥം വിശദമായി ഈ നിഘണ്ടു നൽകുന്നു.)


> **ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ശബ്ദതാരാവലി പോലൊരു നിഘണ്ടുവിന്റെ നിർമ്മാണം ചിന്തയ്ക്ക് അപ്പുറമാണ്. പ്രധാനകാരണം ലക്ഷണമൊത്ത പൂർവനിർമ്മിതികൾ അന്നത്തെ മലയാളഭാഷയിൽ ഉണ്ടായിരുന്നില്ല എന്നത് തന്നെ**

ഭാഷ വളരുകയാണ് കൃത്തും തദ്ധിതവുമായി പുതിയ പദങ്ങൾ ധാരാളം. പരകീയ പദങ്ങളെ സ്വകീയശേഖരത്തിലുൾച്ചേർത്തു വ്യവഹരിക്കുന്ന പ്രവണതയുമേറെ. ഭാഷാശാസ്ത്രജ്ഞനുപോലും പിടികൊടുക്കാത്ത പ്രയോഗവഴികൾ അസംഖ്യം. ശ്രീകണ്ഠേശ്വരം കാണാതെപോയ പദങ്ങൾ ഉൾപ്പെടെ അസംഖ്യം ശബ്ദങ്ങൾ ഇന്ന് ഭാഷയിലുണ്ട്. ഇവയൊക്കെയും ഔപചാരിക മായും ഔദ്യോഗികമായും ശബ്ദതാരാവലിയിൽ ഉൾപ്പെടുത്തി വിപുലീകരണവും സംസ്കരണവും നടത്തേണ്ടതുണ്ട്.

ശ്രീകണ്ഠേശ്വരം കേവലം നിഘണ്ടുനിർമ്മാതാവ് മാത്രമല്ല. ധർമ്മഗുപ്തവിജയം, സുന്ദോപസുന്ദ യുദ്ധം എന്നീ ആട്ടക്കഥകളും കനകലതാസ്വയംവരം, പാണ്ഡവവിജയം, മദന കാമചരിതം എന്നീ നാടകങ്ങളും രണ്ടുമൂന്നു തുള്ളൽകൃതികളും കൈരളിക്ക് സമ്മാനിച്ചിട്ടുണ്ട്. അനവധി ഊഞ്ഞാൽ പാട്ടുകളും തിരുവാതിരപ്പാട്ടുകളും ശ്രീകണ്ഠേശ്വരം വകയായി ഉണ്ട്. പദസ്വീകരണത്തിന്റെ ഗണ്യതയും അർഥവിവരണത്തിന്റെ വൈശദ്യവും പണ്ടേ നിരീക്ഷണ വിധേയമാക്കിയ ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ളയ്ക്കുള്ള നിത്യസ്മാരകമാണ് ശബ്ദതാരാവലി. മലയാളഭാഷയുടെ നിലാപ്പെരുമയിൽ അണയാത്ത വഴിവിളക്ക് തന്നെയാണ് ഈ നിഘണ്ടു. ■

**ലോകസിനിമയിലെ എക്കാലത്തെയും മികച്ച ചലച്ചിത്രകാരൻമാരിലൊരാളായ ഇംഗ്‌മർ ബർഗ്‌മാന്റെ നൂറ്റിയഞ്ചാം ജന്മദിനമായിരുന്നു ജൂലൈ 14ന്. അദ്ദേഹത്തിന്റെ ആത്മാംശമുള്ള, 66 വർഷം മുൻപ് പുറത്തിറങ്ങിയ 'കാട്ടുഞാവൽപ്പഴങ്ങൾ' ആസ്വാദക മനസ്സുകളെ കാഴ്ചയുടെ നിരവധി അടരുകളിലേക്കാണ് കൂട്ടിക്കൊണ്ടുപോകുന്നത്**

# മധുരിക്കാത്ത കാട്ടുഞാവൽപ്പഴങ്ങൾ






**ശ്രീജിത്ത് പനവേലിൽ**
ചലച്ചിത്ര നിരൂപകൻ

**അ**ഞ്ചു തലമുറകളുടെ കഥയാണ് ഇംഗ്‌മർ ബർഗ്‌മാന്റെ കാട്ടുഞാവൽപ്പഴങ്ങൾ (wild strawberries). ഇത്രയും തലമുറകളുടെ കഥ രണ്ടു രാത്രികളുടെ ഇടവേളയിലാണ് സംഭവിക്കുന്നത്.

മെയ്31. ഒരു മണിമുഴക്കത്തോടെയാണ് ചിത്രം തുടങ്ങുന്നത്. തന്റെ പഠനമുറിയിൽ മറുപടി പ്രസംഗം തയ്യാറാക്കുകയാണ് എഴുപത്തിയെട്ടുകാരനായ പ്രൊഫസർ ഇസാക്ക്ബോർഗ്. ആതുരസേവന മേഖലയിൽ 50 വർഷം പിന്നിടുന്നതിന്റെ ആദരം സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പ്. തൊട്ടടുത്ത ദിവസമാണ് ചടങ്ങ്.

വൈദ്യശാസ്ത്ര അധ്യാപകനാണെങ്കിലും ജീവിതസായന്തനത്തിലെ ഒറ്റപ്പെടലുകളിൽ നിന്നും മരണഭീതിയിൽ നിന്നും മുക്തനാകാൻ ശ്രമിക്കുന്ന, ഭൗതികജീവിതത്തിലെ നേട്ടങ്ങൾ സ്വന്തമാകുമ്പോഴും സ്വകാര്യജീവിതത്തിലെ തിരിച്ചടികളും അസഹനീയമായ ഒറ്റപ്പെടലുകളും പിന്തുടരുന്ന ജീവിതമാണ് അയാളുടേത്. വിമാനയാത്രയ്ക്കുപകരം തന്റെ പഴഞ്ചൻ കാറിലാണ് ആദരം സ്വീകരിക്കാനുള്ള യാത്ര, ഭൂതകാലത്തിലേക്കുള്ള യാത്ര കൂടിയാണത്. അകലെയുള്ള ലുണ്ട് കത്തീഡ്രലിലാണ് ചടങ്ങ്. ആദരം ഏറ്റുവാങ്ങുന്ന ഇസാക്ക്ബോർഗ്ഗ് മകന്റെ വീട്ടിൽ അന്തിയുറങ്ങുന്നു. പിറ്റേന്നുള്ള മടക്കയാത്രയ്ക്കായി അയാൾ മയങ്ങുന്നിടത്ത് ചിത്രം പൂർത്തിയാകുന്നു.

**ഏറ്റവുമധികം രാജ്യാന്തര പുരസ്കാരങ്ങൾ വാരിക്കൂട്ടിയ ബർഗ്‌മാൻ ചിത്രങ്ങളിലൊന്നാണ് കാട്ടുഞാവൽപ്പഴങ്ങൾ**

കാട്ടുഞാവൽപ്പഴങ്ങളിലെ സ്വപ്നദൃശ്യങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യത കാലാതിവർത്തിയായി തുടരുകയാണ്. ചിത്രത്തിന്റെ തുടക്കത്തിലുള്ള സ്വപ്നരംഗം ആസ്വാദകമനസ്സുകളിൽ ഇന്നും തങ്ങി നിൽക്കുന്നു- പ്രഫസർ ബോർഗ് പ്രഭാതസവാരിക്ക് ഇറങ്ങുന്നു. വിജനമായ തെരുവിലെ ഘടികാരത്തിൽ


സിനിമയിൽ നിന്ന്

സൂചികൾ കാണാനാകുന്നില്ല. തന്റെ പോക്കറ്റ് വാച്ചിലും സൂചികൾ ശൂന്യം. പരിഭ്രാന്തനായ അയാൾ വിജനമായ തെരുവിൽ പുറംതിരിഞ്ഞു നിൽക്കുന്ന ഒരാളെ കാണുന്നു. അജ്ഞാതൻ മുഖം തിരിക്കുന്നു. അയാളുടെ മുഖത്ത് കണ്ണുകളില്ല. കുഴഞ്ഞുവീണു മരിക്കുന്ന അജ്ഞാതന്റെ ശരീരത്തിൽനിന്ന് ചോരയൊലിക്കുന്നു. ശവപേടകവുമായി വരുന്ന കുതിരവണ്ടി വിളക്കുകാലിലിടിച്ച് ഒരു ചക്രം ഇളകിപ്പോകുന്നു. മുന്നോട്ട് പോകുമ്പോൾ ശവപേടകം പുറത്തുവീഴുന്നു. ഒറ്റപ്പെട്ടുപോയ ശവമഞ്ചത്തിൽനിന്ന് ഒരു കൈ പുറത്തുവരുന്നു. പ്രഫസർ ബോർഗ് ശവപേടകം തുറക്കുന്നു. തന്റെ അതേ ഛായയുള്ള ഒരാൾ ശവപേടകത്തിലേക്ക് പിടിച്ചുവലിക്കുന്നു. ഈ സ്വപ്നം പൂർത്തിയാക്കാനാകാതെ പ്രഫസർ ബോർഗ് ഉറക്കമുണരുന്നു.

## ബർഗ്മാന്റെ ആത്മാംശം

ആസന്നമായ മരണമാണ് എഴുപത്തിയെട്ടുകാരനായ ഈ വൈദ്യശാസ്ത്ര അധ്യാപകനെ വേട്ടയാടുന്നത്. അയാളുടെ നാൽപ്പത്തിയെട്ടാമത്തെ വയസ്സിലാണ് ഭാര്യ കാരിൻ മരിക്കുന്നത്. തന്നേക്കാൾ നാലു വയസ്സുമാത്രം ഇളപ്പമുള്ള പരിചാരക അഗ്ഡയെ മാറ്റിനിറുത്തിയാൽ അയാളുടെ പിന്നീടുള്ള മുപ്പതു വർഷങ്ങൾ ഏകാന്തമാണ്. ഏകമകനായ ഇവാൾഡ് രാജ്യത്തിന്റെ മറ്റൊരു കോണിലും.

ഇംഗ്മർ ബർഗ്മാന്റെ ഏറെ ആത്മാംശമുള്ള കഥാപാത്രമായാണ് ആസ്വാദകലോകം ഇസാക്ക്ബോർഗിനെ കാണുന്നത്. ഇസാക്ക്ബോർഗിൽ ചലച്ചിത്രകാരന്റെ പിതാവിന്റെ ഛായയും പതിഞ്ഞുകിടപ്പുണ്ട്. ചിത്രത്തിൽ വളരെക്കുറച്ചു രംഗങ്ങളിൽമാത്രം വരുന്ന മകൻ ഇവാൾഡിലും ബർഗ്മാന്റെ ആത്മാംശം കണ്ടെത്താനാകും. ബർഗ്മാനെപ്പോലെ തന്റെ മാതാപിതാക്കളെ വെറുക്കുന്നയിടത്തുകാണാം സാമ്യം. മാതാപിതാക്കളുടെ ദാമ്പത്യജീവിതത്തിൽ ഉടനീളം നിറഞ്ഞുനിന്ന കലഹങ്ങളും സ്നേഹരാഹിത്യവും വെറുപ്പിന് വിത്തുപാകിയിരുന്നു. താരതമ്യേന ദീർഘമായ ദാമ്പത്യത്തിനിടയിൽ ജന്മമെടുക്കുന്ന കുഞ്ഞിനെ ഇല്ലാതാക്കുവാൻ അയാൾ ഭാര്യയോട് ആവശ്യപ്പെടുന്നത് തന്റെ അവസ്ഥ കുഞ്ഞിന് ഉണ്ടാകാതിരിക്കട്ടെ എന്ന ചിന്തയിലാണ്.

സമാനതകളുടെ ലോകമാണ് കാട്ടുഞാവൽപ്പഴങ്ങൾ കാഴ്ചക്കാരന് നൽകുന്നത്. തലമുറകളായി തുടരുന്ന ഏകാന്തതയും ഒറ്റപ്പെടലും ആരോഗ്യപ്രശ്നങ്ങളും മരണഭയവുമാണ് അതിലൊന്ന്. ഇസാക്കും അമ്മയും സ്വയം സൃഷ്ടിച്ച ഏകാന്തതയുടെ തുരുത്തുകളിൽ കഴിയുന്നതും യാദൃച്ഛികമല്ല. ചിത്രത്തിലെ രണ്ടു ത്രികോണ പ്രണയങ്ങളിലും സമാനതകളുണ്ട്.

ഏറ്റവുമധികം രാജ്യാന്തര പുരസ്ക്കാരങ്ങൾ വാരിക്കൂട്ടിയ ബർഗ്മാൻ ചിത്രങ്ങളിലൊന്നാണ് കാട്ടുഞാവൽപ്പഴങ്ങൾ. ഓരോ കാഴ്ചയിലും പുതിയ അർത്ഥതലങ്ങൾ സമ്മാനിക്കുന്ന ചലച്ചിത്രം. 55 വർഷങ്ങൾക്ക് ശേഷവും ഇരുപതുകാരിയായി തന്റെ മനസ്സിൽ തുടരുന്ന സാറ എഴുപത്തിയെട്ടു കാരനായ ഇസാക്കിനോട് പറയുന്നു, "പ്രഫസർ എമിറ്റസ്, നിങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ അറിയാം. അതിനാൽ ഒന്നും അറിയില്ല''. കാട്ടുഞാവൽപ്പഴങ്ങൾ പ്രേക്ഷകർക്ക് നൽകുന്ന ബഹുമുഖമായ അർഥതലങ്ങൾക്കും ഇത്തരം മാനങ്ങൾ തന്നെയാണ് ഉള്ളത്.

ബർഗ്മാന്റെ ചലച്ചിത്രയാത്രയിലെ തിളക്കമാർന്ന അധ്യായമാണ് കാട്ടുഞാവൽപ്പഴങ്ങൾ. ■

# അഴകോടെ ആലപ്പുഴ

ശുചിത്വവും സൗന്ദര്യവൽക്കരണവും തമ്മിലിണക്കി പുതിയൊരു കാഴ്ചപ്പാടിന് തുടക്കമാകുകയാണ് ആലപ്പുഴയിൽ. നഗരസൗന്ദര്യ വൽക്കരണത്തിലൂടെ വേറിട്ട പരീക്ഷണം നടത്തി സമ്പൂർണ്ണ ശുചിത്വനഗരമെന്ന ലക്ഷ്യത്തിലേക്ക് അടുക്കുകയാണ് നഗരസഭ. ഭംഗിയായും വൃത്തിയായും സൂക്ഷിച്ചിരിക്കുന്ന സ്ഥലത്തേക്ക് മാലിന്യം വലിച്ചെറിയാൻ മനസ്സുവരില്ല എന്ന ചിന്തയിൽ നിന്നാണ് ഈ ആശയം മുളച്ചത്. ആദ്യഘട്ടമായി കനാലുകളും പാലങ്ങളും മനോഹരമാക്കി. പൊതുജന പങ്കാളിത്ത ത്തോടെയാണ് മോടിപിടിപ്പിക്കൽ. നഗരത്തിലെ കനാലുകളും അവയ്ക്ക് കുറുകെയുള്ള പാലങ്ങളും യൂറോപ്യൻ രാജ്യങ്ങളെ ഓർമ്മിപ്പിക്കും വിധമാണ് മോടിപിടിക്കുന്നത്. നടപ്പാലങ്ങൾ പെയിന്റ് ചെയ്ത് ചുവരുകൾ ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ചാണ് ഭംഗിയാക്കുന്നത്. ആദ്യഘട്ടത്തിൽ മോടിപിടിപ്പിച്ച മുല്ലക്കലെ കൈരളി തീയറ്ററിന് സമീപമുള്ള നടപ്പാലം വിനോദസഞ്ചാരികളുടെയും യുവതയുടെയും ഇഷ്ടകേന്ദ്രമായി മാറിയിട്ടുണ്ട്. സെൽഫിയെടുക്കാനും സുഹൃത്തുക്കൾക്കൊപ്പം സമയം ചെലവഴിക്കാനും നടപ്പാലം നല്ലൊരു സ്പോട്ടാണെന്നാണ് അവർ പറയുന്നത്. ഇതിനൊപ്പം നഗരത്തിലെ പ്രധാന ചുവരുകളും മറ്റിടങ്ങളും മോടി പിടിപ്പിച്ചു വരികയാണ്.

'ഇടത്തോടുകൾ അടക്കം 104 തോടുകളുണ്ട് നഗരത്തിൽ. മനോഹരമായ ഭൂപ്രദേശമാണ് ആലപ്പുഴയുടേത്. ഏറ്റവും ഭംഗിയുള്ള ഒരിടം. അതിന്റെ ആദ്യഘട്ടമായാണ് കനാലുകളും പാലങ്ങളും മനോഹരമാക്കിയത്. ആദ്യപടിയായാണ് പാലങ്ങൾക്ക് നിറം നൽകിയതും. ഇത്തരത്തിൽ ഓരോ പാലവും അനുയോജ്യമായ രീതിയിൽ മോടി പിടിപ്പിക്കും'. നഗരസഭാധ്യക്ഷ സൗമ്യ രാജ് പറയുന്നു.

വൃത്തിയുടെ വഴി വൃത്തിയായി വെട്ടിത്തെളിച്ച് ആലപ്പുഴ ഇന്ന് സംസ്ഥാനത്തിനുതന്നെ മാതൃകയാണ്. തദ്ദേശസ്വയംഭരണ മന്ത്രി എം.ബി. രാജേഷ് ജൂൺ 14 –ന് ആലപ്പുഴയെ സമ്പൂർണ്ണ ശുചിത്വ നഗരസഭയായി പ്രഖ്യാപിച്ചിരുന്നു. നഗരശുചിത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മാലിന്യ നിർമ്മാർജനപ്രവർത്തനങ്ങൾ നിർവഹിച്ച പശ്ചാത്തലത്തിലാണ് മോടിപിടിപ്പിക്കൽ തുടർപ്രക്രിയയായി നടത്തുന്നത്. 84 ശതമാനം വീടുകളിലും ഹരിതകർമ്മസേനയുടെ പ്രവർത്തനം പൂർത്തിയാക്കി. ഹരിതകർമ്മസേന ചരിത്രവരുമാനം നേടിയ വീടുകളുടെ എണ്ണത്തിലും ആലപ്പുഴ നഗരസഭയാണ് സംസ്ഥാനത്ത് ഒന്നാമത്.

**തര്യൻ ജെ. പുളിക്കൽ**
ഇൻഫർമേഷൻ അസിസ്റ്റന്റ്, ആലപ്പുഴ



കായികരംഗത്ത് തലമുറകളുടെ മികവ് ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന പിന്തുണയ്ക്ക് നേട്ടങ്ങളുടെ നിരയുമായി അഭിമാനം പകരുകയാണ് സർക്കാർ വിദ്യാലയമായ എറണാകുളം മഹാരാജാസ് കോളജ്. പരിചയസമ്പന്നരായ പരിശീലകരുടെ സാന്നിധ്യമാണ് വിദ്യാർഥികളുടെ കായികസ്വപ്നങ്ങൾക്ക് ദിശാബോധം പകരുന്നത്. മികച്ച പശ്ചാത്തല സൗകര്യവും കളിക്കളങ്ങളും ഒരുക്കിയതുവഴി അഭിരുചിയുള്ളവരെ മുൻനിരയി ലേക്കെത്തിക്കാനും കഴിയുന്നു.

ക്രിക്കറ്റ്, ഫുട്ബോൾ എന്നിവയിലാണ് കോളജിലെ കുട്ടികൾ ദേശീയതല നേട്ടം സ്വന്തമാക്കിയത്. തിളക്കമാർന്ന നേട്ടവുമായി രാജ്യത്തെ മുൻനിര ക്ലബ്ബുകളിൽ സാന്നിധ്യമാകാനുമായി.

അബ്ദുൽ ബാസിത്, നിഹാൽ സുധീഷ്, മുഹമ്മദ് അസർ, മുഹമ്മദ് ഐമെൻ, അഥുൽ കൃഷ്ണൻ, സോയൽ







# മഹാരാജാസിലെ മിന്നുംതാരങ്ങൾ









ജോഷി എന്നിവരാണ് അഭിമാനതാരങ്ങൾ. ഹിന്ദി വിഭാഗം വിദ്യാർഥിയായ അബ്ദുൽ ബാസിത് നിലവിൽ ഐ.പി.എല്ലിൽ രാജസ്ഥാൻ റോയൽസ് അംഗമാണ്. കേരള സീനിയർ ക്രിക്കറ്റ് പ്രതിനിധിയുമായിരുന്നു.

കാൽപന്തുകളിയിലെ മികവാണ് നിഹാൽ സുധീഷ്, മുഹമ്മദ് അസർ, മുഹമ്മദ് ഐമെൻ, അഥുൽ കൃഷ്ണൻ, സോയൽ ജോഷി എന്നിവരെ ശ്രദ്ധേയരാക്കുന്നത്. കേരള ബ്ലാസ്റ്റേഴ്സിന് വേണ്ടിയാണ് നിഹാൽ സുധീഷ്, മുഹമ്മദ് അസർ, മുഹമ്മദ് ഐമെൻ എന്നിവർ ജെഴ്സി അണിയുന്നത്. അഥുൽ കൃഷ്ണൻ ഈസ്റ്റ് ബംഗാൾ ടീമിലെ പ്രധാന ആകർഷണമാണ്. സോയൽ ഇതേ ടീമിലുണ്ട്, സന്തോഷ് ട്രോഫി കേരള ടീമിലും.

കുട്ടികളുടെ കായികാഭിരുചിയെ വളർത്തിയെടുക്കാൻ മികച്ച പരിശീലനമാണ് നൽകുന്നത്. ആധുനിക നിലവാരത്തിലുള്ള കോളജ് ഗ്രൗണ്ടും സഹായകരമാണ്. കായിക കേരളത്തിന്റെ കുതിപ്പ് രാജ്യാന്തരതലത്തിലേക്ക് വളരുന്ന നാളുകളാണ് വരാനിരിക്കുന്നത്.

**കെ.എ. മഫിത**
ഇൻഫർമേഷൻ അസിസ്റ്റന്റ്-എറണാകുളം



നാട്ടുവിശേഷം

# 'തട്ടാർകോണം മിൽക്കിന്' പ്രിയമേറുമ്പോൾ...




പുതിയൊരു ബ്രാൻഡ് പാൽ വിപണിയിൽ അവതരിപ്പിക്കുകയാണ് കൊല്ലം ജില്ലയിലെ ഒരു പഞ്ചായത്ത്. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ തട്ടാർകോണം ക്ഷീരോൽപാദന സഹകരണസംഘത്തിലെ ക്ഷീരകർഷകരുടെ പ്രയത്നഫലമാണ് 'തട്ടാർകോണം മിൽക്ക്'. ശുദ്ധമായ പശുവിൻപാലാണ് കവറിലാക്കി വിപണിയിലെത്തിക്കുന്നത്. ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത ലക്ഷ്യമാക്കിയാണ് പുതുസംരംഭം. ജില്ലാ പഞ്ചായത്തും ക്ഷീരവികസന -വ്യവസായ വകുപ്പുകൾ ചേർന്ന് പിന്തുണച്ചാണ് പരീക്ഷണം വിജയമാക്കിയത്.

അഞ്ചര പതിറ്റാണ്ടിന്റെ പ്രവർത്തന പാരമ്പര്യമുള്ള ക്ഷീരസംഘമാണ് ഇവിടുത്തേത്. 150ഓളം കർഷകരിൽ നിന്നായി 1500 ലിറ്റർ പാലാണ് ശേഖരിക്കുന്നത്. തട്ടാർകോണത്തിന് പുറമേ വെറ്റിലത്താഴം, കണിയാൻതോട്, മണലുവിള, പുനുക്കന്നൂർ ഉപകേന്ദ്രങ്ങൾ മുഖേനയും കർഷകരുടെ വീടുകളിലെത്തി പാൽ സംഭരിക്കുന്നു. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഡയറിപ്ലാന്റിലെത്തിച്ച് പാക്ക് ചെയ്ത് വിപണിയിലേക്ക്. കർഷകരിൽ നിന്നും ലിറ്ററിന് 47 രൂപയ്ക്ക് വാങ്ങുന്ന പാൽ 54 രൂപയ്ക്കാണ് വിൽക്കുന്നത്.



ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിനൊപ്പം രണ്ട് സ്ഥിരം ജോലിക്കാർക്കും എട്ട് താൽക്കാലിക ജീവനക്കാർക്കും തൊഴിലും നൽകുന്ന സംരംഭമാണിത്. സംസ്ഥാനസർക്കാരിന്റെ പിന്തുണയോടെ കൂടുതൽ ഔട്ട്ലെറ്റുകൾ സ്ഥാപിച്ച് ബ്രാൻഡ് വികസിപ്പിക്കുകയാണ് ലക്ഷ്യം. നിലവിൽ 1500 പാക്കറ്റ് പാലാണ് വിപണിയിൽ എത്തിക്കുന്നത്. ആറുമാസത്തിനുള്ളിൽ 3000 പാക്കറ്റായി ഉയർത്താനുള്ള പരിശ്രമത്തിലാണ് ക്ഷീരസംഘം. 'മിൽക്കിവേ' നെയ്യും, തൈരും, സിപ്അപ്പും വിപണനം നടത്തുന്നുണ്ട്. ഐസ്ക്രീം, പേഡ തുടങ്ങിയ മൂല്യ വർധിത ഉൽപന്നങ്ങളിലൂടെ ബ്രാൻഡ് വിപുലീകരണമാണ് സംഘം ലക്ഷ്യമാക്കുന്നത്.

**ആതിര ബി. അശോക്**
ഇൻഫർമേഷൻ അസിസ്റ്റന്റ്, കൊല്ലം



# ഇലവാഴയുടെ വരുമാനവഴികൾ

പത്തനംതിട്ടയിലെ കാർഷികസമൃദ്ധിയുടെ വർത്തമാനകാല വരുമാനമുഖമാണ് ഇലവാഴകൾ. നാക്കിലസദ്യയും വാഴയിലയിലെ പൊതിച്ചോറും പ്രിയമുള്ള മലയാളിക്കായി ഇലവാഴകൃഷിയുടെ സാധ്യതകൾ തുറന്നിടുകയാണ് പന്തളം തെക്കേക്കരയിലെ ഒരുകൂട്ടം കർഷകർ.

വാഴക്കുലകളാണ് വരുമാന മാർഗമെന്ന പൊതുധാരണയ്ക്ക് ഇലയുടെ വാണിജ്യസാധ്യതയിലൂടെ മാറ്റംവരുത്താനായതാണ് പ്രധാനം. പന്തളം തെക്കേക്കര പഞ്ചായത്തിലെ വാഴയിലകൾ പ്രാദേശികപരിപാടികൾക്കും ആവശ്യങ്ങൾക്കും വ്യാപകമായി ഉപയോഗിക്കപ്പെടുകയാണ് ഇപ്പോൾ. പന്തളം തെക്കേക്കര കൃഷിഭവന്റേയും പഞ്ചായത്തിന്റേയും സഹായത്തോടെ 120 കർഷകർ ആറ് ഹെക്ടറിലായാണ് ഇലവാഴക്കൃഷി ചെയ്യുന്നത്.

പ്ലാസ്റ്റിക് നിരോധനത്തിന്റെ പ്രകൃതിസൗഹൃദനാളുകളിൽ വാഴയിലയ്ക്ക് മുമ്പെന്നത്തേക്കാളും ആവശ്യകത കൂടിയിട്ടുമുണ്ട്. ഇതു കണക്കിലെടുത്ത് ഞാലിപ്പൂവനാണ് കൂടുതലായി നടുന്നത്. ഇവയുടെ ഇലകൾക്ക് കനക്കുറവും വഴക്കവുമുള്ളതാണ് കാരണം. ഇലകൾ അധികം പൊട്ടുന്നില്ലെന്നതും പ്രത്യേകതയാണ്. രോഗബാധയും നന്നെ കുറവ്. തൈവാഴകൾ കൂടുതൽ ലഭിക്കുമെന്നതാണ് മറ്റൊരു സവിശേഷത. ഇവന്റ് മാനേജ്മെന്റ് സംഘങ്ങളാണ് ഇലയുടെ മുഖ്യആവശ്യക്കാർ.

മൂന്ന് രൂപ മുതൽ അഞ്ച് രൂപ വരെയാണ് വാഴയിലയുടെ വിപണിവില. ഒരു ഞാലിപ്പൂവൻ വാഴയ്ക്കായി കർഷകന് ചെലവാകുന്നത് 80 രൂപയാണ്. കുലവിറ്റാൽ ഏകദേശം 250 രൂപകിട്ടും. അതേവാഴയിൽനിന്ന് ഏകദേശം 15 ഇലകൾ കിട്ടുമെങ്കിൽ ഒന്നിന് അഞ്ച് കണക്കിൽ 125 രൂപയും. പാകമായി വാഴക്കുലകൾ വെട്ടുംവരെ ഇലകളിലൂടെ മികച്ചലാഭം നേടാമെന്ന് കർഷകനായ എം.കെ. പ്രസാദിന്റെ സാക്ഷ്യം.

**ഗീതാഞ്ജലി വരുൺ**
കണ്ടന്റ് എഡിറ്റർ, പത്തനംതിട്ട

പന്തളം തെക്കേക്കര പഞ്ചായത്തിലെ ഇലവാഴക്കൃഷി

അറിയാം



## ഹൃദ്യം പദ്ധതി

# നെഞ്ചോടു ചേർത്ത്

സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുരുന്നുകൾക്ക് സൗജന്യമായ ചികിത്സാസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഹൃദ്യം. പതിനെണ്ണായിരത്തിലധികം കുട്ടികളാണ് ഈ പദ്ധതിയിലൂടെ ചികിത്സാസഹായത്തിനായി കാത്തിരിക്കുന്നത്. ആറായിരത്തലധികം കുട്ടികൾക്ക് ഇതിനോടകം ഹൃദയ ശസ്ത്രക്രിയ പൂർത്തിയാക്കി. ഈ വർഷം മാത്രം 354 സൗജന്യ ശസ്ത്രക്രിയ നടത്തി. സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാകുട്ടികളുടേയും പരിശോധന ഉറപ്പാക്കുന്ന സർക്കാർ ജന്മനാ ഹൃദ്രോഗ ലക്ഷണങ്ങളുള്ള കുട്ടികൾക്ക് ശിശുരോഗവിദഗ്ധന്റെ സഹായത്തോടെഎക്കോ ഉൾപ്പെടെയുള്ള പരിശോധനകളിലൂടെ രോഗനിർണ്ണയം നടത്തുന്നു ആർ.ബി.എസ്.കെ.സിക്രീനിങ്ങ് വഴിയും ഹൃദ്രോഗലക്ഷണങ്ങളുള്ള കുട്ടികളെ കണ്ടെത്തുന്നു. സഹായം നവജാതശിശുക്കൾ മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക്.

- ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ തുടർചികിത്സകൾ സൗജന്യം.
- എംപാനൽ ചെയ്ത സ്വകാര്യആശുപത്രികളിലും ശസ്ത്രക്രിയ.
- അടിയന്തര ഘട്ടങ്ങളിൽ 24 മണിക്കൂറിനകം വിദഗ്ധ ചികിത്സ.
- ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശന വേളയിൽ കുട്ടികളെ പരിശോധിക്കുന്നതിലൂടെയും അംഗനവാടികളിലും സ്ക്കൂളിലും നടത്തുന്ന ആർ.ബി.എസ്.കെ.സിക്രീനിങ്ങ് വഴിയും ഹൃദ്രോഗലക്ഷണങ്ങളുള്ള കുട്ടികളെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്ന ഹൃദ്യം പദ്ധതിയിലൂടെ രോഗതീവ്രത അനുസരിച്ച് പട്ടിക തയ്യാറാക്കി അടിയന്തര ശസ്ത്രക്രിയ വേണ്ടവരെ സജ്ജമാക്കുന്നു.
- സൗജന്യ ഐ.സി.യൂ ആംബുലൻസ് സംവിധാനം.

കുട്ടികൾക്ക് തുടർചികിത്സ ഉറപ്പാക്കുന്ന പദ്ധതി.

അപേക്ഷകൾ സമർപ്പിക്കേണ്ടത് ഓൺലൈൻ വഴി മാത്രം. ലോഗിൻ ചെയ്യൂ.

**hridyam.kerala.gov.in**

കൂടുതൽ വിവരങ്ങൾക്ക്
ദിശ **1056** അല്ലെങ്കിൽ **0471-2552056**

വീഡിയോ കാണാം




ജനപക്ഷ ഭരണനിർവഹണത്തിന് കരുത്തുപകരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്) സംസ്ഥാന സർക്കാർ യാഥാർഥ്യമാക്കിയിരിക്കുന്നു. കേരളത്തിന്റെ സ്വന്തം ഭരണസർവീസായ കെ.എ.എസിന്റെ ആദ്യ ബാച്ച് ഉദ്യോഗസ്ഥർ ജൂലൈ 1 ന് ചുമതലയേറ്റു. വിവിധ ഭരണമാതൃകകൾ പഠിച്ചും, നൂതന വികസനമാതൃകൾ അടുത്തറിഞ്ഞും ഭരണനിർവഹണത്തെ കൂടുതൽ കാര്യക്ഷമമാക്കാനുതകുന്ന വിദഗ്ധപരിശീലനം പൂർത്തിയാക്കിയുമാണ് ചുമതലയേൽക്കുന്നത്. ജനാഭിമുഖ്യമുള്ള സിവിൽ സർവീസിനായി ഏർപ്പെടുത്തിയ കെ.എ.എസ് മറ്റൊരു കേരള മാതൃക തന്നെയാണ്.



License to Post Without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: 01.07.2023
KERMAL2014/58028 Price: 12.00
Reg. No. KL/TV(N)/660/2022-2024




Printed and Published by T. V Subhash IAS, Director, Information Public Relations Department on behalf of Government of Kerala and Printed at Orange Printers Pvt Ltd, Thiruvananthapuram, Kerala. Published from Information Public Relations Department, Govt of Kerala, Government Secretariat, Thiruvananthapuram-695001. Editor: T. V Subhash IAS